# കേരള ജസ്വിറ്റ്

**മുൻഗണനകളുടെ
വൈവിധ്യക്കാഴ്ചകൾ**

**നിലപാടുകളുടെ
വിസ്മയഭാവങ്ങൾ**



102

# ഈശോസഭ

## ആഗോള അപ്പസ്തോലിക മുൻഗണനകൾ




01

*ആദ്ധ്യാത്മിക സാധനയിലൂടെയും, അരൂപിയാൽ പ്രേരിതമായ വിവേചനത്തിലൂടെയും എല്ലാവരെയും ദൈവത്തിങ്കലേക്കു നയിക്കുക.*

02

*നമ്മുടെ പൊതുഭവനത്തെ, ഈ പ്രപഞ്ചത്തെ, സംരക്ഷിക്കുവാനായി കൈകോർക്കുക.*



# കേരള ജസ്വിറ്റ്

മെയ് 2019

ഉള്ളടക്കം


03 **പുതിയ സ്വപ്നങ്ങൾ, പഴയതും**
ഫാ. എം.കെ. ജോർജ് എസ്.ജെ

07 **ഈശോസഭയുടെ അപ്പസ്തോലിക മുൻഗണന**
ഫാ. സ്റ്റീഫൻ ചുണ്ടംതടം എസ്.ജെ.

09 **ആത്മീയ സാധനയുടെ പ്രായോഗികതലങ്ങൾ**
ഫാ. സേവ്യർ തറമ്മേൽ, എസ്.ജെ.

12 **നവദിശാബോധത്തിന്റെ ചതുർവഴികൾ**
ഫാ. റോയ് അലക്സ് എസ്.ജെ.

15 **എല്ലാം ദൈവത്തിന്റെ ഉപരിമഹത്വത്തിന്**
ഫാ. മിഥുൻ ജെ. ഫ്രാൻസിസ് എസ്.ജെ.

18 **ആഗോള അപ്പസ്തോലിക മുൻഗണനകൾ**
ഫാ. മനീഷ് എസ്.ജെ.

21 **ഒരു ജെസ്യൂട്ട് മാമ്പഴക്കാലം**
പട്രീഷ ആൻ അൽവേഴ്സ്

23 **തമിഴ്സാഹിത്യത്തിലെ എഴുത്തച്ഛൻ**
ഫാ. ബിജു ജോർജ് എസ്.ജെ.

27 **മലയാളത്തിന്റെ രണ്ടാം എഴുത്തച്ഛൻ**
എഫ്. ആന്റണി പുത്തൂർ

30 **ചിറയ്ക്കൽ മിഷൻ**
ഐസക് പീലാത്തറ

33 **ഭീകരരുടെ തടവിലും തുണയായി ദൈവം**

35 **ജൂബിലി മംഗളങ്ങൾ**

39 **ആദരാഞ്ജലികൾ**



എഡിറ്റോറിയൽ ബോർഡ്

ബിജു ജോർജ് എസ്.ജെ (എഡിറ്റർ)
റോയി എം. തോട്ടത്തിൽ എസ്.ജെ., ഷെയ്സ് എസ്.ജെ.



ലേ-ഔട്ട്: കിത്തോസ് ഡിസൈൻ / പ്രിന്റിംഗ്: ഗ്രാന്റ് പ്രിന്റ്സ്



# ഇനിയുള്ള കാലം **ചുറ്റുമിരുന്ന്...**

പുതുമയാണ് എക്കാലത്തും ഏതൊരു പ്രസ്ഥാനത്തിന്റെയും കൂട്ടായ്മയുടെയും ഏറ്റവും വലിയ ബദൽ. ഈശോസഭ അടുത്ത 10 വർഷത്തെ മുൻനിറുത്തി 'ആഗോള അപ്പസ്തോലിക മുൻഗണനകൾ' (Universal Apostolic Preferences) കണ്ടെത്തിയതിന്റെ കാരണവും മറ്റൊന്നല്ല. 16-ാം നൂറ്റാണ്ടു മുതൽ ലോകമെമ്പാടും സന്യാസജീവിതത്തിന് പുതുമയുടെ ഒരധികമാനം നൽകുന്നതിൽ ഈശോസഭ ഒരു ചുവട് മുന്നിലുണ്ട്. ഏകദേശം 2 വർഷത്തെ ചർച്ചകൾക്കും വിചിന്തനത്തിനുശേഷം ഫ്രാൻസിസ് മാർപാപ്പയ്ക്കും സമർപ്പിച്ച 4 അപ്പസ്തോലിക മുൻഗണനകൾ പ്രതീക്ഷയുടെ തെളിച്ചത്താൽ വായിക്കുകയാണ് ഇത്തവണത്തെ കേരള ജസ്വിറ്റ്.

സ്വപ്നങ്ങളും ലക്ഷ്യങ്ങളും നമ്മുടെ സമൂഹജീവിതത്തെയും പ്രവർത്തനങ്ങളെയും ഒട്ടൊന്നുമല്ല വികസ്വരമാക്കിയത്. ഒരു ദർശനരൂപം എന്നതിൽനിന്ന് ജീവിതശൈലിയും കർമ്മപദ്ധതിയും എന്ന മഹത്തായ നിലകളിലേക്ക് ഈ അപ്പസ്തോലിക മുൻഗണനകളെ വലുപ്പമുള്ളതാക്കുന്നത് വി. ഇഗ്നേഷ്യസ് ലൊയോളയിൽ എത്തിനിൽക്കുന്ന ഓർമ്മകളാണ്. അതിനാൽ ഈ മുൻഗണനകൾ കേവലം ആശയങ്ങൾക്കും നിർദ്ദേശങ്ങൾക്കും അപ്പുറം ഈശോസഭ എന്ന വൈവിധ്യപൂർണ്ണവും സമ്പന്നവുമായ ഒരു കൂട്ടായ്മിലെ 16000 ഈശോസഭക്കാരുടെയും സഹകാരികളുടെയും ആത്മപ്രകാശന സന്ദർഭമാണ്.

വലിയ വെളിച്ചങ്ങൾ ആവശ്യമുള്ള ഈ കാലത്ത് ഇത്തരം ചുവടുവയ്പുകൾക്കുവേണ്ടി ഇനിയും നാം കാത്തിരിക്കണം. കാരണം അതില്ലങ്കിൽ പിന്നെ ജീവിതമെന്ത്, നാം എന്ത്?

***ബിജു ജോർജ് എസ്.ജെ.***

# പുതിയ സ്വപ്നങ്ങൾ, പഴയതും: ആഗോള അപ്പസ്തോലിക മുൻഗണനകൾ



*ഫാ. എം.കെ. ജോർജ് എസ്.ജെ*

*ഈ മുൻഗണനകൾ വലിയ മാറ്റങ്ങൾ ക്ഷണിക്കുകയാണ്. മനോഭാവങ്ങളിൽ, പ്രവർത്തന ശൈലികളിൽ, മാനേജ്മെന്റ് ശൈലികളിൽ, പരസ്പരബന്ധങ്ങളിൽ ഒക്കെ. എല്ലാത്തിനെയും സമചിത്തതയോടെയും, ദർശനാധിഷ്ഠിതമായും കാണുക എന്നതാണ് ഏറ്റവും വലിയ വെല്ലുവിളി.*

ആറു ഭൂഖണ്ഡങ്ങളിലായി, 120 രാജ്യങ്ങളിൽ സേവനം ചെയ്യുന്ന 16,000 ഈശോസഭക്കാരെ നയിക്കുന്നത് ഒരു സ്വപ്നമാണ്. അഞ്ചു നൂറ്റാണ്ടുകൾക്കു മുമ്പ് ലൊയോളയിലെ ഇഗ്നേഷ്യസ് തന്റെ കട്ടിലിൽ കിടന്നു, യുദ്ധത്തിൽ ഉണ്ടായ മുറിവുണങ്ങാൻ കാത്തിരുന്ന നാളുകളിൽ കണ്ട സ്വപ്നം. തീവ്രമായ പരീക്ഷണങ്ങളിലൂടെയും ആഴത്തിലുള്ള പ്രാർത്ഥനയിലൂടെയും കടന്നുപോന്ന ഇഗ്നേഷ്യസ് കണ്ട സ്വപ്നത്തെ വിവരിച്ചത്-ആത്മാക്കളെ രക്ഷിക്കുക- സ്വന്തവും, മറ്റുള്ളവരുടെയും-എന്നാണ്. നൂറ്റാണ്ടുകളായി അനേകായിരങ്ങളെ പ്രചോദിപ്പിച്ച ആ സ്വപ്നം ഇന്നും നിലനിൽക്കുന്നു. അവതരണരീതിയും, വ്യാഖ്യാനങ്ങളും മാറിയാലും. തങ്ങളുടെ 32-ാം അന്തർദേശീയ സമ്മേളനത്തിൽ ഈശോസഭക്കാർ പറഞ്ഞു 'നീതി നടത്തുന്ന വിശ്വാസ'മാണ് നമ്മുടെ സ്വപ്നം എന്ന്. വിശ്വാസജീവിതത്തെയും നീതിയെയും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളായി കാണുന്നു. 2016 ലെ 36-ാം അന്തർദേശീയ സമ്മേളനത്തിൽ സ്വപ്നത്തിനു വേറൊരു രൂപമായി. ഈശോസഭയുടെ ഇന്നത്തെ ദൗത്യം അനുരഞ്ജനമാണ്. ദൈവവുമായി, പരസ്പരവും, പ്രകൃതിയുമായും.

അരികുവല്കരിക്കപ്പെട്ടവരിലേക്ക് ഇറങ്ങാൻ ഈശോസഭ ക്ഷണിക്കുന്നു. ഇന്ത്യയിലെ ചേരികളിലാവാം, തെക്കേ അമേരിക്കയിലെ നശിക്കുന്ന ആമസോൺ വനാന്തരങ്ങളിലാവാം, ആഫ്രിക്കയിലെ പട്ടിണി മരണങ്ങൾക്കിടയിലാവാം, എവിടെയൊക്കെ മനുഷ്യജീവിതം അന്യവല്ക്കരിക്കപ്പെടുന്നോ, അവിടെയൊക്കെ ഈശോസഭക്കാരു

ണ്ട്. അനുരഞ്ജനത്തിന്റെ സന്ദേശവുമായി മേന്മയുടെ, മികവിന്റെ ദൂതുമായി. അപരനുവേണ്ടി ജീവിക്കുന്നവരെ രൂപപ്പെടുത്താൻ 2019 ൽ 'അന്തർദേശീയ അപ്പസ്തോലിക മുൻഗണനകൾ' എന്ന രൂപത്തിൽ ഈശോസഭ തങ്ങളുടെ സ്വപ്നത്തെ പുനർവ്യാഖ്യാനം ചെയ്തിരിക്കുന്നു. നാലു മുൻഗണനകളാണ് ഇനി വരുന്ന പത്തുവർഷത്തേക്ക് ഈശോസഭക്കാരെ ചലിപ്പിക്കുക. ഒന്നാമതായി, ആദ്ധ്യാത്മിക സാധനയിലൂടെയും, അരൂപിയാൽ പ്രേരിതമായ വിവേചനത്തിലൂടെയും എല്ലാവരെയും ദൈവത്തിങ്കലേക്കു നയിക്കുക. രണ്ട്, ദരിദ്രരുമായി ഒത്തുചേർന്നു നടക്കുക. ഈ ലോകം തിരസ്ക്കരിച്ചവരോടൊപ്പം, തങ്ങളുടെ ആത്മാഭിമാനം മുറിപ്പെട്ടവരോടൊപ്പം, അഭയാർത്ഥികളോടൊപ്പം, അനുരഞ്ജനത്തിന്റെയും നീതിയുടെയും ഭൗത്യം പൂർത്തിയാക്കുക. മൂന്ന്, യുവജനങ്ങളെ അനുധാവനം ചെയ്യുക, പ്രത്യാശനിറഞ്ഞ ഒരു പുതിയ ഭാവിയിലേക്ക്. നാലാമതായി, നമ്മുടെ പൊതുഭവനത്തെ, ഈ പ്രപഞ്ചത്തെ, സംരക്ഷിക്കുവാനായി കൈകോർക്കുക.

നിരന്തരം ദൈവാഭിമുഖമായി ജീവിച്ച്, തങ്ങൾ കണ്ടനുഭവിച്ച ദൈവസ്നേഹവും, കാരുണ്യവും പങ്കുവച്ച് അപരനുവേണ്ടി, മികവോടെ ജീവിക്കാൻ, ലോകത്തിന്റെ അതിരുകളിൽപോലും യേശുവിന്റെ സുവിശേഷം എത്തിക്കാൻ സന്നദ്ധരായ ഒരു കൂട്ടമാണ് ഈശോസഭക്കാർ.

**അന്തർദേശീയ അപ്പസ്തോലിക മുൻഗണനകൾ പ്രചോദനമാകുമ്പോൾ**

ഈ മുൻഗണനാ ലിസ്റ്റ് വായിക്കുമ്പോഴും അവയെപ്പറ്റി ധ്യാനിക്കുമ്പോഴും ലഭിക്കുന്ന ഒരു വലിയ പ്രചോദനമാണ്. ഒന്നാമതായി, ഈശോസഭ എങ്ങനെ ദർശനാധിഷ്ഠിതമായി ജീവിക്കാൻ യത്നിക്കുന്നു എന്നതിൽ നിന്നു ലഭിക്കുന്ന ഒരു നിറവാണത്. സ്വപ്നങ്ങളില്ലാതെ നടക്കുന്നവർ കാലിടറി വീഴുമെന്ന പഴഞ്ചൊല്ല് ഏവർക്കും അറിയാമല്ലോ. ആ സ്വപ്നം എങ്ങനെ ഒരു ഈശോസഭക്കാരന്റെ, ഒപ്പം സഹപ്രവർത്തകരുടെയും, എല്ലാ പ്രവർത്തനങ്ങളെയും പ്രകാശരശ്മി പോലെ ജ്വലിപ്പിക്കുന്നുവെന്ന് തിരിച്ചറിയാം. ഉദാഹരണത്തിന് ഒരു സ്കൂൾ അധ്യാപകൻ ഈ സ്വപ്നങ്ങളാൽ പ്രജ്വലനാകുമ്പോൾ കുറെ കാര്യങ്ങൾ വ്യത്യസ്ഥമായി ചെയ്യും. കുട്ടികളെ വിഷയം പഠിപ്പിക്കുകയല്ല പകരം അവരെ ദൈവത്തിങ്കലേക്ക് അടുപ്പിക്കാനാണ് ശ്രമിക്കുക. ഓർക്കുക, ഒരു പ്രത്യേക മതത്തിലേക്കല്ല, ദൈവികതയിലേക്ക്. ആർദ്രത വളർത്തുന്ന എല്ലാ ആചാരങ്ങളും വിശ്വാസങ്ങളും അധ്യാപകന് സ്വീകാര്യമാകും. ഈ സ്വപ്നത്താൽ പൂരിതനായ ഒരാൾ പാവപ്പെട്ട കുട്ടികളോട് പ്രത്യേക മമത കാണിക്കും. അവരോടൊപ്പം, അവരുടെ സംഘർഷങ്ങളിൽ അനുധാവനം ചെയ്യും. പ്രകൃതിയെ സംരക്ഷിക്കുക എന്നത് വെറും ഒരു പാഠം എന്നതിനപ്പുറം ഏതു നേരം ചോദ്യമായും, കത്തലായും നിൽക്കുന്ന ഒരു പ്രവർത്തന ചാലകമാകും. അങ്ങനെ താൻ ചെയ്യുന്ന എല്ലാ പ്രവൃത്തികളിലും സ്വപ്നത്തിന്റെ ഒരു ചാരുത, പ്രതിബദ്ധതയുടെ ഒരു തീവ്രത നിറഞ്ഞു നിൽക്കും.

**സാർവ്വദേശീയതയുടെ അനുഭവം**

ഈ നാലു ദിശാഗതികൾ ലോകമെമ്പാടുമുള്ള ഈശോസഭക്കാരെയും, സഹകാരികളെയും, ലക്ഷക്കണക്കിന് പഠിതാക്കളെയും സ്വാധീനിക്കുമ്പോൾ വളർന്നു വരുന്നത് ഒരു ആരോഗ്യപരമായ സാർവ്വദേശീയതയുടെ അനുഭ

വമാണ്. ലോകത്തെവിടായിരുന്നാലും പ്രകൃതിയെ കരുതുകയും, ആദരിക്കുകയും, പോറ്റുകയും ചെയ്യുന്ന ഒരു തലമുറ വളർന്നു വരുമ്പോൾ ഒപ്പം വളരുന്നത് ഒരു സാർവ്വദേശീയ വീക്ഷണം കൂടിയാണ്. സമീപകാലത്തു വളർന്നു വരുന്ന വളരെ സങ്കുചിതമായ നിലപാടുകൾക്കെതിരെ നിൽക്കാനും ഇത്തരം ഒരു സമീപനം അവസരമാകും. അതേപോലെ തന്നെ പാവപ്പെട്ടവരെ അനുകൂലിക്കുന്ന ഒരു സമീപനം ലോകമെമ്പാടും വളർത്താനാവുന്ന ഒരു സാഹചര്യം വിഭാവനം ചെയ്യാം. സമ്പത്തു കുമിഞ്ഞുകൂടി ഇല്ലാത്തവനെ നശീകരിക്കുന്ന ഒരു കാലഘട്ടത്തിൽ ഇല്ലാത്തവനു പ്രാമുഖ്യം കൊടുക്കുന്ന ഒരു സംസ്കാരം കൊണ്ടുവരുന്ന വലിയ ഒരു മാനവികതയും ദൈവികതയുമുണ്ട്. പട്ടിണി കിടക്കുന്നവനു ഭക്ഷണം കൊടുത്തോ ഉടുപ്പില്ലാത്തവനു വസ്ത്രം കൊടുത്തോ, ജയിലിൽ കഴിയുന്നവളെ സന്ദർശിച്ചോ എന്നതൊക്കെ അന്ത്യവിധിയുടെ മാനദണ്ഡങ്ങളായിരിക്കുമെന്നു വ്യക്തമായി നിർദേശിച്ച യേശുവിന്റെ ശിഷ്യന്മാരെന്ന നിലയിൽ നാമെല്ലാം ഒരു ദൈവത്തിന്റെ മക്കളാണെന്നും, സഹോദരങ്ങളാണെന്നും, അതിനാൽ തന്നെ ആരും ആർക്കും അന്യരല്ല എന്ന ബോധവും വളരുമ്പോൾ ഇന്നു നാം ലോകത്തിൽ കാണുന്ന ഒട്ടേറെ തിന്മകൾക്ക് ഒരു മറുമരുന്നായി ഈ മുൻഗണനകൾ മാറുകയാണ്.

**വെല്ലുവിളികൾ, കീറാമുട്ടികൾ**

വളരെ പ്രചോദനപരവും, ഈ ശോസഭാ ചരിത്രത്തോട് വിശ്വസ്തത പുലർത്തുന്നതുമായ ഈ മുൻഗണനകൾ ജീവിക്കുന്നതിൽ, അവ പ്രായോഗികമാക്കുന്നതിൽ ഒട്ടേറെ വെല്ലുവി



ളികളും കീറാമുട്ടികളുമാണ്. നമ്മുടെ തന്നെ മാനസിക ഭാവങ്ങളാണ് ഏറ്റവും വലിയ അപകടകാരി. ചെയ്യുന്ന കാര്യങ്ങൾ, ചെയ്യുന്ന രീതിയിൽ തന്നെ ചെയ്തുകൊണ്ട് മുന്നോട്ടു പോകാനുള്ള പ്രവണത എല്ലാ മനുഷ്യർക്കുമുള്ളത്. മാറ്റം അത്ര സുഖകരമല്ല. വാസ്തവത്തിൽ മാറ്റത്തോട് എതിർത്തു നിൽക്കാനുള്ള പ്രവണത നിരന്തരമായി നാം ദർശിക്കാറുണ്ട്. സ്വന്തം മനസ്സിലെ അരക്ഷിതാവസ്ഥയാവാം, പരിചിതമായ വയിൽ നിന്നു മാറുമ്പോഴുള്ള പേടിയാവാം, വൈദഗ്ധ്യങ്ങളുടെ കുറവാകാം, മാറ്റങ്ങളെ എങ്ങനെ മാനേജ് ചെയ്യും എന്നത് വലിയൊരു പഠന മേഖലതന്നെയായി മാറിയിട്ടുണ്ട്.

ഈ മുൻഗണനകൾ വലിയ മാറ്റങ്ങൾ ക്ഷണിക്കുകയാണ്. മനോഭാവങ്ങളിൽ, പ്രവർത്തന ശൈലികളിൽ, മാനേജ്മെന്റ് ശൈലികളിൽ, പരസ്പരബന്ധങ്ങളിൽ ഒക്കെ. എല്ലാത്തിനെയും സമചിത്തതയോടെയും, ദർശനാധിഷ്ഠിതമായും കാണുക എന്നതാണ് ഏറ്റവും വലിയ വെല്ലുവിളി. നല്ലതാണ്, മെച്ചപ്പെട്ടതിന്റെ ശത്രു എന്നു നാം പറയാറുണ്ടല്ലോ. എന്റെ സേവനം നന്നായിട്ടു പോകുന്നു. ഇനി അതിൽ എന്തുമാറ്റം വരുത്താനാണ് എന്നു ചിന്തിച്ചാൽ പിന്നെ മാറ്റം ഉണ്ടാവുകയേ ഇല്ല. കഴിഞ്ഞ 50 വർഷമായി ഞാനീ സ്കൂൾ വിജയകരമായി നടത്തുന്നു. ഇനി എന്തിനാണ് ഒരു മാറ്റം വരുത്തുക എന്നൊരു ചോദ്യത്തിനു മുൻപിൽ പലരും പതറും. മാറ്റം കേവലം മാറ്റത്തിനു വേണ്ടിയല്ല. സാമൂഹ്യ സാഹചര്യങ്ങളിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ച് മാറാനും, ക്രിയാത്മകവും ആവാനുള്ള ഒരു ക്ഷണമാണ്.

ശാസ്ത്രീയമായ പ്ലാനിംഗ്, ഇടപെടൽ, വിലയിരുത്തൽ എന്നിവയൊക്കെ ഈ മുൻഗണനാ ലിസ്റ്റ് ആവശ്യമായി സങ്കല്പിക്കുന്ന പടികളാണ്. അപ്പസ്തോലിക പ്ലാനിംഗ് ഈ ലിസ്റ്റിനെ ആസ്പദമായി മാറും. ***എന്റെ മനസ്സിൽ വരുന്ന ആശയങ്ങളെ ഞാൻ നടപ്പിൽ വരുത്തുക എന്നതല്ല. മറിച്ച് ശാസ്ത്രീയമായ സാമൂഹ്യ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ, മനുഷ്യരുടെ അടിയന്തരാവശ്യങ്ങളെ തിരിച്ചറിഞ്ഞ്, ശാസ്ത്രീയമായും, ഗൗരവപരമായുമുള്ള പ്ലാനിംഗ് കൂടാതെ മുന്നോട്ടു പോകാനില്ല. പഠിച്ചതു മാത്രം ആവർത്തിച്ചു കഴിയുന്ന, സംതൃപ്തിയടയുന്ന ഒരു ജനക്കൂട്ടത്തിന് ഇതൊന്നും ഇഷ്ടപ്പെടാനേ വഴിയില്ല.*** ആഗോളീകരിക്കപ്പെട്ട ഈ ലോകത്തിൽ, അസമത്വവും, അനീതിയും കൊടികുത്തി വാഴുന്ന ഈ ലോകത്തിൽ അന്തർദേശീയ അപ്പസ്തോലിക മുൻഗണനകളെ ആസ്പദമാക്കിയുള്ള പ്ലാനിംഗ് വിദൂരഫലങ്ങൾ ഉളവാക്കും.

**പ്രത്യാശയുടെ വഴി**

എല്ലാം വ്യക്തമാണെന്നല്ല. വ്യക്തമായ രൂപരേഖകളുമില്ല. എന്നാൽ ഒരു കാര്യം ഉറപ്പാണ്. സമകാലീന ലോകത്തിന്റെ സ്വാർത്ഥതകൾക്ക്, സ്വപ്നങ്ങളില്ലാത്ത അവസ്ഥയ്ക്ക്, നിരാശ നിറഞ്ഞ ഈ ലോകത്തിന് ഈ മുൻഗണനകൾ ആശ്വാസത്തിന്റെ ഒരു കുളിർ കാറ്റാണ്. ആദ്ധ്യാത്മിക സാധനയിലൂടെ ദൈവത്തിലേക്കണഞ്ഞും, പാവപ്പെട്ടവരുടെ പക്ഷം ചേർന്നും, യുവാക്കളെ പ്രത്യാശയോടെ അനുധാവനം ചെയ്ത്, നമ്മുടെ പ്രപഞ്ചത്തെ അമ്മയായി കരുതി മുന്നോട്ട് തങ്ങളുടെ ജീവിതം നയിക്കുന്ന ഒരു രീതി ഏറെ പ്രത്യാശ തരുന്നു. ഈ പ്രപഞ്ചത്തിന് പ്രപഞ്ചത്തിലെ ജീവികൾക്ക്, ഓരോ മനുഷ്യനുമടക്കം.

# ഈശോസഭയുടെ സാർവത്രിക **അപ്പസ്തോലിക മുൻഗണന**

### *ഫാ. സ്റ്റീഫൻ ചുണ്ടംതടം എസ്.ജെ*

*ഈ മുൻഗണനകൾ ദൈവവും മനുഷ്യനും പ്രകൃതിയുമായുള്ള അനുരഞ്ജനത്തിനും ആദ്ധ്യാത്മിക വളർച്ചയ്ക്കും സഹായകരമാണ്.*

കാലത്തിന്റെ സൂചനകൾ വിവേചിച്ചറിഞ്ഞു ധീരമായ നിലപാടുകളും വ്യക്തമായ പ്രായോഗിക പദ്ധതികളും രൂപപ്പെടുത്തുക ഈശോസഭയുടെ സവിശേഷതയാണ്. കാലാകാലങ്ങളിൽ അനുയോജ്യമായ പ്രതികരണങ്ങൾ രൂപപ്പെടുത്തിയതിന്റെ ഫലമായി ഈശോസഭയുടെ പ്രവർത്തനങ്ങൾ ഇന്നും പ്രസക്തിയുള്ളതായി തുടരുന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളായി നടത്തിയ പഠനത്തിന്റേയും വിവേചനപ്രക്രിയയുടേയും പ്രാർത്ഥനയുടേയും ഫലമായാണല്ലോ ഈ നാലു മുൻഗണനകൾ രൂപപ്പെടുത്തിയത്. ഈ മുൻഗണനകൾ ദൈവവും മനുഷ്യനും പ്രകൃതിയുമായുള്ള അനുരഞ്ജനത്തിനും ആദ്ധ്യാത്മിക വളർച്ചയ്ക്കും സഹായകരമാണ്.

ഇഗ്നേഷ്യസിന്റെ ആദ്ധ്യാത്മികാഭ്യാസങ്ങളിലെ പ്രധാനപ്പെട്ട ഒരുപാധിയാണല്ലോ വിവേചന കല. കുറെയൊക്കെ അവഗണിക്കപ്പെട്ടിരുന്ന ഈ ആദ്ധ്യാത്മികാഭ്യാസ രീതിയുടെ പുനരാവിഷ്ക്കരണം ഈശോസഭയുടെ ദൗത്യത്തെയും ആദ്ധ്യാത്മികതയേയും സജീവമാക്കുന്നതിൽ ഏറെ സഹായിക്കുമെന്നതിൽ സംശയമില്ല.

ശാസ്ത്രസാങ്കേതിക വളർച്ചയ്ക്ക് അമിതപ്രാധാന്യം കൊടുത്തതിന്റെ ഫലമായി ആദ്ധ്യാത്മികതയും ദൈവമനുഷ്യബന്ധവും അവഗണിക്കപ്പെട്ടു.



കാലികപ്രസക്തിയുള്ള ഒരു ആദ്ധ്യാത്മികത രൂപപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ആദ്ധ്യാത്മികതയ്ക്കും വിവേചനകലയ്ക്കും പ്രാധാന്യം കൊടുത്ത് ഒന്നാമത്തെ മുൻഗണനന നിശ്ചയിച്ചിട്ടുള്ളത്.

ഒന്നാമത്തെ മുൻഗണനന മറ്റു മൂന്നെണ്ണവുമായ് ബന്ധപ്പെട്ടിരിക്കുന്നു. യഥാർത്ഥ ആദ്ധ്യാത്മിക ചൈതന്യമുള്ള ഒരു വ്യക്തിക്ക് മാത്രമേ പാവപ്പെട്ടവരോടും പുറന്തള്ളപ്പെട്ടവരോടും ചൂഷണത്തിനു വിധേയരായവരോടും സ്നേഹവും കരുണയും അനുകമ്പയും പ്രകടിപ്പിക്കാനാകൂ. ആദ്ധ്യാത്മികതയുടെ അവിഭാജ്യ ഘടകമാണല്ലോ നീതിയും സമത്വവും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ന് പാവപ്പെട്ടവരുടേയും നീതിനിഷേധിക്കപ്പെട്ടവരുടേയും ജാതിയുടേയും മതത്തിന്റേയും ഭാഷയുടേയും നിറത്തിന്റേയും പേരിൽ വിവേചനത്തിനു വിധേയരാകുന്നവരുടേയും എണ്ണം വർദ്ധിച്ചു വരുന്നു. പാർശ്വവല്കരിക്കപ്പെട്ട ഇവർക്ക് നീതിയും സമത്വവും ഉറപ്പുവരുത്തേണ്ടത് സമൂഹത്തിന്റെ കടമയാണ്.

സംഘടിത മതത്തിന്റെ പരമ്പരാഗത ആദ്ധ്യാത്മികത തനതവസ്ഥയിൽ നിലനിർത്താനല്ലാതെ മാറ്റം വരുത്താൻ സഹായിക്കുന്നില്ല. ഇഗ്നേഷ്യസിന്റെ ആദ്ധ്യാത്മികാഭ്യാസങ്ങളുടെ അടിസ്ഥാനത്തിലുള്ള ആദ്ധ്യാത്മികതയിൽ എല്ലാ സൂക്ഷ്മവസ്തുക്കളോടും സ്നേഹവും കരുണയും നിർമമതയും നിലനിർത്തുന്നു. ഈയൊരു സമീപനരീതി ആദ്ധ്യാത്മികമായി വളരുന്നതിനും സൂക്ഷ്മവസ്തുക്കളോട് ആദരവോടും കരുണയോടും കൂടെ പെരുമാറുന്നതിന് സഹായിക്കുന്നു.

യുവജനങ്ങളോടൊത്തു സഞ്ചരിക്കുകയും സഭയിലും സമൂഹത്തിലും അവർക്കർഹമായ സ്ഥാനം കൊടുക്കുകയും ചെയ്യുമ്പോഴാണ് യുവജനങ്ങൾ സമൂഹ പുനർനിർമ്മിതിക്കായ് തങ്ങളുടെ കഴിവുകൾ ഉപയോഗിക്കുക. യുവജനങ്ങളുടെ ക്രിയാത്മകതയും നന്മയും ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷയും പരിപോഷിപ്പിക്കുന്നതിലൂടെ സഭയ്ക്കും സമൂഹത്തിനും ശോഭനമായൊരു ഭാവി ഉറപ്പുവരുത്താനാകും. യുവജനങ്ങളുടെ വിമർശനാത്മക നിലപാടുകൾ മനസ്സിലാക്കുന്നതിലൂടെ സഭയിലും സമൂഹത്തിലും മാറ്റങ്ങൾ വരുത്താനാകും.

***മനുഷ്യന്റെ നിലനിൽപ്പ് പ്രകൃതിയുടെയും ജീവജാലങ്ങളുടെയും നിലനിൽപ്പിനെ ആശ്രയിച്ചിരിക്കുന്നു. അവയെ സംരക്ഷിക്കേണ്ടത് ആവശ്യമാണ്.*** പ്രകൃതിയിലും ജീവജാലങ്ങളിലും ദൈവം എപ്രകാരം കുടികൊള്ളുന്നുവെന്നും, എങ്ങനെ അവയിലൂടെ പ്രവർത്തിക്കുന്നുവെന്നും ഇഗ്നേഷ്യസിന്റെ ആദ്ധ്യാത്മികാഭ്യാസങ്ങളിലെ സ്നേഹം ലഭിക്കാനുള്ള ധ്യാനത്തിൽ പ്രതിപാദിക്കുന്നുണ്ട്. സൂക്ഷ്മവസ്തുക്കളിലെല്ലാം ദൈവീക ചൈതന്യം കുടികൊള്ളുന്നു. ഭാരതീയ ചിന്തയിൽ എല്ലാം ദൈവത്തിന്റെ അംശങ്ങളാണ്, ദൈവം തന്നെയാണ്. പ്രകൃതിയെ സംരക്ഷിക്കുകയും ആദരവോടും ബഹുമാനത്തോടും കൂടെ സമീപിക്കുകയും ചെയ്യേണ്ടത് മനുഷ്യന്റെ കടമയാണ്. പ്രകൃതിയും ഭൂമിയും ജീവജാലങ്ങളുമെല്ലാം ഒരേ യാഥാർത്ഥ്യത്തിന്റെ വ്യത്യസ്ഥ പ്രകടനങ്ങളാണെന്ന് നാം തിരിച്ചറിയുന്നു. സൂക്ഷ്മവസ്തുക്കളിലൂടെ ദൈവാനുഭവത്തിലേക്ക് വളരാനാവും.

ഈ നാലു മുൻഗണനകൾ തിരഞ്ഞെടുത്തതിൽ ഈശോസഭാംഗമെന്ന നിലയ്ക്ക് സന്തോഷവും അഭിമാനവും തോന്നുന്നു. ഇതിലൂടെ സഭയ്ക്കും സമൂഹത്തിനും ഏറെ നന്മ ചെയ്യാൻ സാധിക്കട്ടെയെന്നാശംസിക്കുന്നു. ■

# പ്രേഷിതത്വത്തിലെ മുൻഗണനാക്രമം: **ആത്മീയ സാധനയുടെ പ്രായോഗികതലങ്ങൾ**

***ഫാ. സേവ്യർ തറമ്മേൽ, എസ്.ജെ***

*ഇഗ്നേഷ്യൻ ആദ്ധ്യാത്മികതയുടെ പരിപ്രേക്ഷ്യത്തിലൂടെ അപ്പസ്തോലിക മുൻഗണനകളെ വായിക്കുന്ന ലേഖനം.*

ആഗോള ഈശോസഭയുടെ അപ്പസ്തോലിക മുൻഗണനകൾ ജീവിതഗന്ധിയായ ഒന്നാണ്. പതിനാറുമാസത്തെ പ്രക്രിയക്കുശേഷം പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പക്കു സമർപ്പിച്ച ഈശോസഭയുടെ പ്രേഷിതത്വത്തിലെ മുൻഗണനാക്രമം ആദ്ധ്യാത്മിക സാധന (The Spiritual Exercises) യുടെ ഘടനയിലാണ് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് എന്ന് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ആത്മീയ യാത്ര ആരംഭിക്കുന്ന ധ്യാനി യേശുവിന്റെ ജീവിതത്തിലെ സംഭവങ്ങളെ ഓരോന്നായെടുക്കുമ്പോൾ തെളിഞ്ഞു വരുന്ന ജീവിതാവസ്ഥകളെ മുൻഗണനാക്രമത്തിൽ പ്രതിപാദിക്കുന്ന നാലു കാര്യങ്ങളെ നാലു ഘട്ടങ്ങളായി നിരത്തിവയ്ക്കാം.

ആദ്ധ്യാത്മിക സാധനയുടെ ആദ്യ ആഴ്ചയുടെ ലക്ഷ്യം ഒരു വ്യക്തി തന്റെ ജീവിതാവസ്ഥയെ മനസ്സിലാക്കി ദൈവത്തിലേക്കുള്ള യാത്ര ആരംഭിക്കുക





യാണ്. ആരംഭവും അടിസ്ഥാനവും ലക്ഷ്യം വയ്ക്കുന്നത് സൃഷ്ടാവായ ദൈവത്തെ തിരിച്ചറിഞ്ഞ് അവിടുത്തെ സ്തുതിച്ച് മഹത്വപ്പെടുത്തി രക്ഷയിലേക്ക് നടന്നടുക്കുകയാണ്. ആഗോളപ്രേക്ഷിതത്വത്തിലെ മുൻഗണനാക്രമത്തിന്റെ പ്രഥമലക്ഷ്യം ദൈവത്തിങ്കലേയ്ക്കുള്ള വഴികാണിക്കുകയാണ്. ആത്മീയ സാധനയിലുടെയും വിവേചനത്തിലൂടെയും വ്യക്തിപരമായ ആത്മീയയാത്രക്കൊടുവിൽ യേശുവിൽ തെളിഞ്ഞു വന്ന ദൈവത്തിന്റെ മുഖം തിരിച്ചറിഞ്ഞ അവിടുത്തോടൊത്ത് ജീവിക്കുകയാണ് ലക്ഷ്യം. സെക്കുലർ സമൂഹത്തിന്റെ പുതിയ കാഴ്ച്ചപ്പാടുകൾ ദൈവന്വേഷണത്തിനായുള്ള യാത്രകളേയും സുവിശേഷത്തിന്റെ നവ്യപ്രകാശം പരത്തുന്നതിന് പ്രതിസന്ധി തീർക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ യേശു കേന്ദ്രീകൃതമായ ജീവിതത്തിലേക്ക് നയിക്കുന്ന ആത്മീയ സാധനയെ കൂടുതൽ പരിപോഷിപ്പിച്ചുകൊണ്ടും, അതിൽ തെളിഞ്ഞു നിൽക്കുന്ന വിവേചന പ്രകാശത്തിൽ അനുദിന ജീവിതത്തിന്റെ സകല അവസ്ഥകളിലും യേശുവിനെ അനുഗമിക്കാനും മനുഷ്യരെ, പ്രത്യേകിച്ച് യുവജനങ്ങളെ നയിക്കാനും മുൻഗണനാക്രമം ഓരോ ഈശോസഭക്കാരനേയും ഓർമ്മിപ്പിക്കുന്നു.

ആദ്ധ്യാത്മിക സാധനയുടെ രണ്ടാം ആഴ്ച മുതൽ തുടങ്ങുന്ന യേശുവിന്റെ ജീവിതത്തെക്കുറിച്ചുള്ള ധ്യാനങ്ങൾ ദരിദ്രനായ യേശുവിന്റെ ജീവിതസാഹചര്യങ്ങളെ മനസ്സിലാക്കി അവഗണിക്കപ്പെട്ടവരെയും സമൂഹം തിരസ്കരിച്ചവരുടേയും കൂടെ യാത്ര ചെയ്യുകയാണ്. ഇങ്ങനെ സാമൂഹ്യനീതിയും അനുരഞ്ജനവും ജീവിതത്തിന്റെ സമസ്ത മേഖലകളിലും നിറയാൻ സഹായിക്കു

കയെന്നതാണ്. സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ മേഖലകളിൽ അനീതിയെ തുടച്ചു നീക്കി, അഭയാർത്ഥികളേയും കുടിയൊഴിപ്പിക്കപ്പെട്ടവരുടേയും, കുടിയേറ്റക്കാരുടേയും, യുദ്ധത്തിനിരായായവരുടേയും, കൂടെ നിൽക്കുവാൻ മുൻഗണനാക്രമം ആഹ്വാനം ചെയുന്നു.

യുവജനങ്ങളെ പ്രത്യാശ നിറഞ്ഞ ഒരു ഭാവിയിലേക്ക് നയിക്കാൻ കൂടെ നടക്കുക എന്ന ആഗോള പ്രേഷിതത്വത്തിന്റെ മുൻഗണനാക്രമം, ക്രിസ്തുവിന്റെ ജീവിതത്തിൽ വി. ഇഗ്നേഷ്യസ് ദർശിച്ച സാമൂഹ്യ പ്രതിബദ്ധതയുടെ പ്രതിഫലനമാണ്. ***യുവജനസമൂഹം അനുഭവിക്കുന്ന ജീവിത പ്രതിസന്ധികളിൽ ക്രിസ്തുവിന്റെ മാതൃക അനുകരിച്ചുകൊണ്ട് യുവജനത്തോടൊപ്പം യാത്ര ചെയ്യുവാൻ ആഗോളപ്രേഷിതത്വത്തിന്റെ മുൻഗണനാക്രമം നമ്മെ ഓർമ്മിപ്പിക്കുന്നു.***

എല്ലാറ്റിനേയും ഒരു കുടക്കീഴിൽ കൊണ്ടുവരാനുള്ള കച്ചവട സംസ്കാരത്തിന്റെ സമീപനത്തെ യുവജനങ്ങൾ അനുകരിക്കാൻ ഇഷ്ടപ്പെടുന്നില്ല. മറിച്ച് വൈവിധ്യത്തിന്റെ മനോഹാരിതയേയും അത് നൽകുന്ന ക്രിയാത്മകതയുടെ അവസരങ്ങളും ക്രിയാത്മകതയിൽ നിന്ന് ഉത്ഭുതമാകുന്ന യഥാർത്ഥ സ്വാതന്ത്ര്യവും മനുഷ്യത്വവും ആണ് യുവജനങ്ങൾ ആഗ്രഹിക്കുന്നത്. ക്രിസ്തു ജീവിക്കുന്നു എന്ന മാർപാപ്പയുടെ ചാക്രികലേഖനത്തിന്റെ അന്തസത്തയും യുവജനങ്ങളുടെ സമഗ്ര പരിപോഷണത്തിനായിട്ടാണ് എന്നത് പ്രചോദനാത്മകമാണ്.

യുവജനങ്ങളെ സഹായിക്കണമെങ്കിൽ അത് ആവശ്യപ്പെടുന്ന ജീവിതത്തോടുളള പരിപൂർണ്ണ വിശ്വസ്തതയും, ആത്മീയ ആഴവും, ഈശോയുടെ ദൗത്യത്തെക്കുറിച്ച് നാം പകർന്നു നല്കുന്ന അറിവും, ആ ദൗത്യവും യുവജനങ്ങളുമായി പങ്കുവയ്ക്കാനുള്ള തുറവിയും അത്യന്തം അനിവാര്യമായ കാര്യം ആണ്.

സകലതിലും ദൈവത്തെ കാണുവാനുള്ള ഇഗ്നേഷ്യസിന്റെ സ്നേഹം ലഭിക്കുന്നതിനുള്ള ധ്യാനം പ്രപഞ്ചത്തിൽ നിറഞ്ഞു നിൽക്കുന്ന ദൈവസാന്നിധ്യത്തിലേക്ക് ഉണർന്ന്, ആ അവബോധത്തിൽ ഭൂമിയെ പരിപാലിക്കാനുള്ള വിളിയാണ്. ആഗോളപ്രേഷിതത്വത്തിലെ മുൻഗണനാക്രമത്തിലെ നാലാമത്തെ ആഹ്വാനം ഫ്രാൻസീസ് മാർപാപ്പയുടെ ലൗദാത്തോ സീ എന്ന ചാക്രിക ലേഖനത്തിന്റെ ചുവടു പിടിച്ച് ഇഗ്നേഷ്യൻ ആദ്ധ്യാത്മികതയിലൂന്നിയ പ്രവർത്തന ശൈലി കാഴ്ചവയ്ക്കുവാൻ ഓരോ ഈശോസഭക്കാരനേയും ഓർമ്മിപ്പിക്കുന്നു. ദൈവം സൃഷ്ടിച്ച് പരിപാലിക്കുന്ന ഈ ഭൂമിക്ക് മാനുഷിക ഇടപെടൽ മൂലം സംഭവിച്ചുകൊണ്ടിരിക്കുന്ന ദുരന്തം കണ്ടു നിൽക്കാൻ ഈശോസഭ സമൂഹത്തിന് സാധിക്കുകയില്ല, കാരണം ആദ്ധ്യാത്മിക സാധന ഒരു ഈശോസഭക്കാരന്റെ ജീവിതത്തിലേക്ക് വച്ചു നീട്ടുന്നത് പ്രപഞ്ചത്തിൽ അദ്ധ്വാനനിരതനായ, സൃഷ്ടികൾക്കുവേണ്ടി ജോലി ചെയ്യുന്ന സൃഷ്ടാവിനേയാണ്. ഈ ഒരു ദർശനം അടിസ്ഥാനപരമായ നമ്മുടെ കാഴ്ചപാടുകളെ മാറ്റി മറിക്കാൻ പര്യാപ്തമാണ്.

ഇങ്ങനെ ആദ്ധ്യാത്മികസാധനയുടെ ഘടനയിൽ അവതരിക്കപ്പെട്ടിരിക്കുന്ന ആഗോളപ്രേഷിതത്വത്തിലെ മുൻഗണനക്രമം: ഇഗ്നേഷ്യൻ ആദ്ധ്യാത്മികതയുടെ പ്രയോഗിക തലങ്ങളിലേക്ക് കൂടുതൽ ഇറങ്ങിച്ചെല്ലുവാൻ സഹായിക്കുകയും ആഗോള ഈശോസഭയെ ഇഗ്നേഷ്യസിന്റെ ദർശനത്തിന് അനുസൃതമായി നയിക്കാൻ പ്രാപ്തനാക്കുന്നു. ■

# നവദിശാബോധത്തിന്റെ **ചതുർവഴികൾ**

*ഫാ. റോയ് അലക്സ് എസ്.ജെ.*

*ഒരു പുതുലോകം കെട്ടിപ്പടുക്കാൻ ഈശോസഭക്കാർ നടത്തുന്ന പരിശ്രമങ്ങൾക്ക് ദിശാബോധം നൽകുന്ന ചതുർവഴികളെ കുറിച്ച്.*

ഒരു മാസത്തെ നിശ്ശബ്ദ ധ്യാനത്തിനായി തയ്യാറെടുത്തുകൊണ്ടിരുന്ന ശിഷ്യനോട് ഗുരു പറഞ്ഞു, ധ്യാനിക്കാനായി നിനക്ക് എങ്ങോട്ട് വേണമെങ്കിലും പോകാം. അതിന് ഒരു തടസ്സവുമില്ല. ഗുരുവിന്റെ തിളങ്ങുന്ന കണ്ണുകളിലേക്ക് നോക്കി നന്ദിപറഞ്ഞതിനുശേഷം ശിഷ്യൻ പറഞ്ഞു. ഈ ലോകത്ത് എവിടെയിരുന്നാലും ദൈവത്തിന്റെ സ്വരം ശ്രവിക്കാമെങ്കിലും വിജനമായ മലമുകളിൽ ഇരുന്ന് ധ്യാനിക്കാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്. ഞാൻ ഈ സാധ്യതയ്ക്കാണ് മുൻഗണന കൊടുക്കുന്നത്. ഒരുപാട് സാധ്യതകളിൽ നിന്ന് ഈ ശിഷ്യൻ ഒരു സാധ്യതയ്ക്ക് മുൻഗണന കൊടുത്ത് അതിനെ തന്റെ ലക്ഷ്യത്തിലേക്കുള്ള മാർഗമാക്കുകയാണിവിടെ.

ലക്ഷ്യത്തിലെത്താൻ അനേകം വഴികളുണ്ടെങ്കിലും ഏറ്റവും പ്രായോഗികവും, കാലഘട്ടത്തിന് അനുയോജ്യവും, വെല്ലുവിളികൾ ആവശ്യപ്പെടുന്നതുമായ പുതുവഴികളിലേക്ക് വെളിച്ചം വിതറുന്ന പാരമ്പര്യമുള്ളവരാണ് ഈശോസഭക്കാർ. ഈ പാരമ്പര്യത്തെ ദൈവാത്മാവിന്റെ സഹായത്താൽ വീണ്ടും ഒന്ന് വിവേചിച്ചറിയാൻ ശ്രമിച്ചപ്പോൾ ഈശോസഭക്കാർക്ക് കിട്ടിയ ആത്മാവിന്റെ വരദാനങ്ങളാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഈ നാലു പ്രവർത്തനമേഖലകൾ: ആദ്ധ്യാത്മിക സാധന, പാവങ്ങൾക്കുവേണ്ടി പക്ഷം പിടിക്കുക, പ്രകൃതിയെ സ്നേഹിച്ച് പരിപാലിക്കുക, യുവജനസർഗാത്മകതയെ ധനാത്മകമായി ഉപയോഗിക്കാൻ അവരെ അനുധാവനം ചെയ്യുക.

ഈ നാലുമേഖലകളും ഈശോസഭയുടെ മിഷണറി പാരമ്പര്യത്തിന് തീർത്തും നവീനമായ വഴിത്താരകളല്ല. പക്ഷെ, അവ മൗലികമായ ഇഗ്നേഷ്യൻ ദർശനങ്ങളെ പ്രതിഫലിപ്പിക്കുന്ന കരുത്തുറ്റ ആശയധാരകളാണ്. സമകാലികലോകത്തിൽ ഇശോസഭയുടെ പ്രയോഗികമുഖമായി ഈ ആശയധാരകൾ കരുത്താർജിക്കുമ്പോൾ സുവിശേഷദർശനങ്ങളുടെ ഫലം ഏറ്റവും ആവശ്യമുള്ളവരിലേക്ക് ഉദാരമായി എത്തിച്ചേരുകയാണ് ചെയ്യുക.

മനുഷ്യരെ ദൈവത്തിങ്കലേക്ക് നയിക്കുവാൻ ഈശോസഭയുടെ ആധ്യാത്മിക ഊർജ്ജസ്രോതസ്സായ ആധ്യാത്മികസാധനയെ ഏറ്റവും സർഗാത്മകമായി ഉപയോഗിക്കുക എന്നതാണ് പരമവും പ്രധാനവുമായ ദൗത്യം. ദൈവത്തെ മനുഷ്യരുടെ അനുഭവമാക്കി അവരെ ദൈവ-മനുഷ്യസ്നേഹബന്ധത്തിൽ

ആഴപ്പെടുത്തുന്ന ഒരു തീർത്ഥയാത്ര യിലേക്ക് നയിക്കുക എന്നതാണ് ഈ ശോസഭക്കാരുടെ സുപ്രധാനമായ ഉത്തരവാദിത്വം. അറിവിന്റെ തലത്തിൽ പങ്കുവയ്ക്കപ്പെടുന്ന ധൈഷണികഫ ലമായി ദൈവദർശനത്തെ രൂപപ്പെടു ത്താതെ ഈശ്വരനെ കണ്ടെത്താൻ മനുഷ്യനെ നിരന്തരമായി പ്രേരിപ്പി ക്കുകയും ദൈവാഭിമാനത്തിന് അനു സരിച്ച് ജീവിക്കാൻ മനുഷ്യരെ പ്രോ ത്സാഹിപ്പിക്കുകയും ചെയ്യുക. അടി ച്ചേൽപ്പിക്കപ്പെടുന്ന, ഭയപ്പെടുത്തുന്ന ആധ്യാത്മികതയല്ല മറിച്ച് അനുഭവമാ കുന്ന ആധ്യാത്മികതയാണ് മനുഷ്യനെ രൂപാന്തരികാനുഭവത്തിലേക്ക് നയിക്കു ന്നത് എന്ന തിരിച്ചറിവാണ് ഇത്തരത്തി ലുള്ള ദൈവാന്വേഷണത്തിന്റെ കാതൽ. സങ്കീർണ്ണമായ ജീവിതയാഥാർത്ഥ്യ ങ്ങളിൽ നിന്ന് നന്മതിന്മകളെ വിവേ ചിച്ചറിയാൻ സഹായിക്കത്തക്കവിധം, ജനങ്ങളെ അനുധാവനം ചെയ്യുകയും, നന്മയുടെ പക്ഷത്തേക്ക് അവരെ നയി ക്കുകയും ചെയ്യുക എന്നുള്ള ഉത്തരവാ ദിത്വം കൂടി ഏറ്റെടുക്കാൻ ഈശോസ ഭക്കാരൻ തയ്യാറാകേണ്ടിയിരിക്കുന്നു.

ഇഗ്നേഷ്യൻ ആധ്യാത്മികതയുടെ ആഴിയനുഭവങ്ങളിലേക്ക് വളരുന്ന ഈ ശോസഭക്കാരന് ദൈവത്തിന്റെ ഏറ്റ വും പ്രിയപ്പെട്ടവരായ പാവപ്പെട്ടവന്റെ ഹൃദയവേദനകൾ കണ്ടില്ലെന്ന് നടി ക്കാനാവില്ല. അടിച്ചമർത്തപ്പെട്ടവന്റെ, പാർശ്വവത്കരിക്കപ്പെട്ടവന്റെ, ചൂഷണം ചെയ്യുന്നവന്റെ കരങ്ങൾക്ക് ശക്തി പകരാൻ അവരോടുകൂടെ നടക്കേ ണ്ടവരാണ് ഈശോസഭക്കാർ എന്ന ഓർമ്മപ്പെടുത്തൽ ആണ് രണ്ടാമത്തെ മിഷണറി ദൗത്യം. സ്ഥാപനവത്കര ണത്തിന്റെ ചുരുങ്ങിയ അതിരുകളെ പൊട്ടിച്ചെറിഞ്ഞുകൊണ്ട് സമൂഹമ ധ്യത്തിൽ വ്രണിതനായി, നഗ്നനായി





നിൽക്കുന്ന ക്രിസ്തുവിനെ ആലിംഗനം ചെയ്യാനുള്ള വിപ്ലവാത്മകമായ വെല്ലുവിളിയാണിത്.

ചൂഷണം ചെയ്യുക, പരമാവധി ഉപയോഗിച്ചതിനുശേഷം വലിച്ചെറിയുക എന്ന ഉത്തരാധുനിക കാഴ്ചപ്പാടിന് എതിരെ കരുതലിന്റെ, പരിരക്ഷണത്തിന്റെ ഒരു പ്രതിസംസ്കൃതി വളർത്തിയെടുക്കാനുള്ള ശ്രമങ്ങളിൽ വ്യാപൃതനാവുക എന്നതാണ് ഈശോസഭക്കാരുടെ മുന്നിലുള്ള മൂന്നാമത്തെ വെല്ലുവിളി. ദൈവത്തിന്റെ സ്രഷ്ടവസ്തുക്കളെ മുഴുവൻ കല്ലെന്നോ, പുഴുവെന്നോയുള്ള വ്യത്യാസം കൂടാതെ അർഹിക്കുന്ന ആദരവോടെ നോക്കിക്കാണാനും, പരസ്പരം ബഹുമാനിക്കാനും തയ്യാറാകുന്ന ഒരു സംസ്കാരം വളർത്തിയെടുക്കുക.

യുവജനങ്ങളിലെ സർഗാത്മക ശേഷിയെ ഏറ്റവും ധനാത്മകമായി ഉപയോഗിക്കാൻ അവരെ പ്രാപ്തരാക്കത്തക്കവിധം, അവരുടെ കൂടെ നടക്കുന്നു ഈശോസഭക്കാരായി മാറുക. പൊള്ളയായ പ്രസംഗങ്ങളെക്കാൾ നാട്യങ്ങളില്ലാത്ത ജീവിതമാതൃകകളെ ഇഷ്ടപ്പെടുന്ന യുവജനങ്ങളെ ആകർഷിക്കാൻ ലളിതമായ ജീവിതശൈലിയും, ആഴവും അർത്ഥവുമുള്ള ആധ്യാത്മികതയും ഓരോ ഈശോസഭക്കാരന്റെയും ജീവിതശൈലിയായി മാറേണ്ടിയിരിക്കുന്നു. ഒരു ആറ്റംബോംബിനേക്കാൾ പതിന്മടങ്ങ് സർഗാത്മക ഊർജ്ജം സംഭരിച്ചുവച്ചിരിക്കുന്ന യുവഹൃദയങ്ങളിൽ ദൈവാത്മാവിന്റെ വേരോട്ടം ഉണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ വ്യാപൃതയായി ദൈവോന്മുഖതയും, മാനുഷികതയും ഉള്ള ഒരു പുതുതലമുറയെ വാർത്തെടുക്കുക ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ആവശ്യമായി കണക്കാക്കപ്പെടുന്നു.

കാലത്തിന്റെ അടയാളങ്ങളെ വിവേചിച്ചറിഞ്ഞ് പ്രാർത്ഥനാരൂപിയിൽ നാം എത്തിച്ചേർന്നിരിക്കുന്ന ഈ നാലു മിഷണറി ദൗത്യങ്ങൾ എന്നിൽ ആദ്യം ഉണർത്തിയ വികാരം ആത്മസംതൃപ്തിയുടേതായിരുന്നു. എല്ലാം ദൈവത്തിന്റെ ഉപരിമഹത്വത്തിനായി ചെയ്യാൻ ആഗ്രഹിക്കുന്ന ഈശോസഭക്കാരന് ഈ ദൗത്യങ്ങളിൽ ആത്മസാക്ഷാത്ക്കാരം കണ്ടെത്തി ഉരുകിയൊലിക്കുന്ന ഒരു മെഴുകുതിരിയായി മാറുകയല്ലാതെ എന്താണ് ചെയ്യാൻ സാധിക്കുക. സമത്വത്തിന്റെ, സാഹോദര്യത്തിന്റെ, സഹവർത്തിത്വത്തിന്റെ ഒരു പുതുലോകം കെട്ടിപ്പടുക്കാൻ ഈശോസഭക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്ക് കൃത്യമായ ദിശാബോധം നൽകാൻ ഈ ചതുർവഴികൾക്ക് കഴിയും.

■

# എല്ലാം ദൈവത്തിന്റെ **ഉപരിമഹത്വത്തിന്**

***ഫാ. മിഥുൻ ജെ. ഫ്രാൻസിസ് എസ്.ജെ.***

*സഭയുടെയും ലോകത്തിന്റെയും മുതൽക്കൂട്ടാണ് ഈ അപ്പസ്തോലിക മുൻഗണനകൾ*

ഈശോസഭയുടെ ആരംഭംമുതൽതന്നെ എപ്പോഴും ഊന്നിപ്പിടിച്ച ആപ്തവാക്യമാണ് "എല്ലാം ദൈവത്തിന്റെ ഉപരിമഹത്വത്തിനായി ചെയ്യുക" എന്നത്. ഈ ആപ്തവാക്യം ഈശോസഭാ സമൂഹത്തെ ഉന്നതങ്ങളിൽ എത്തിച്ചു. ഏറ്റവും പാവപ്പെട്ട മനുഷ്യർ മുതൽ സമൂഹത്തിലെ ഉന്നതന്മാരായ രാജാക്കന്മാർക്കുപോലും ഈ സന്യാസികൾ പ്രീതിയുള്ളവരായിത്തീർന്നു. ഓരോ കാലഘട്ടത്തിന്റെയും ആവശ്യമനുസരിച്ച് ഈ മനുഷ്യർക്ക് തങ്ങളെത്തന്നെ ഏതു ജോലിക്കുവേണ്ടിയും പ്രാപ്തരാക്കിയതും ഈ ആപ്തവാക്യമാണ്.

ആഗോള ഈശോസഭ തങ്ങൾ മുറുകെപിടിച്ച ഈ ആപ്തവാക്യവും പാരമ്പര്യവും കോർത്തിണക്കിക്കൊണ്ട് ഇന്നത്തെ സാഹചര്യത്തിൽ ക്രിസ്തീയ വിശ്വാസത്തെ ഏറ്റവും അനുയോജ്യമായ രീതിയിൽ ലോകത്തിനു എങ്ങനെ നൽകണമെന്ന ദൈവഹിതം ആരാഞ്ഞതിന്റെ ഉത്തരമാണ് ഈശോസഭ മുന്നോട്ടുവയ്ക്കുന്ന നാലു അപ്പസ്തോലിക മുൻഗണനകൾ. അടുത്ത പത്തുവർഷം ഓരോ ഈശോസഭക്കാരനും തങ്ങളുടെ പ്രവർത്തനമണ്ഡലങ്ങളിൽ ഊന്നൽ നൽകേണ്ട ഈ നാലു അപ്പസ്തോലിക മുൻഗണനകൾ ഈശോസഭ സുപ്പീരിയർ ജനറൽ പരിശുദ്ധ പിതാവിനു സമർപ്പിച്ചപ്പോൾ ഫ്രാൻസീസ് പാപ്പ പറഞ്ഞത് ഇതുതന്നെയാണ് സഭയുടെ മുൻഗണനകൾ.

ഈ മനുഷ്യജീവിതം തന്നെത്തന്നെയും അപരനെയും തന്റെ സൃഷ്ടാവിനെയും സ്നേഹിക്കുവാനുള്ളതാണ്. ദൈവം മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കുകയും ഭൂമിയിലുള്ള സകലത്തിന്റെയും മേൽ ആധിപത്യം നൽകുകയും ചെയ്തു (ഉൽപത്തി 1:26). ഈ ആധിപത്യമെന്നത് പ്രപഞ്ചത്തെ സംരക്ഷിക്കുക എന്നതുതന്നെയാണ് ദൈവം മനുഷ്യർക്ക് നൽകിയ കൽപന. ഈശോസഭയുടെ ഈ നാലു അപ്പസ്തോലിക മുൻഗണനകളും സ്രഷ്ടാവിന്റെ ഈ കൽപനയ്ക്ക് അധിഷ്ഠിതമാണ്.

പൗരസ്ത്യ സഭാ പാരമ്പര്യത്തിൽ Deification എന്ന ഒരു ദൈവശാസ്ത്ര ആദ്ധ്യാത്മികതയുണ്ട്. എല്ലാ മനുഷ്യരും തനിക്ക് ലഭിച്ചിട്ട് നഷ്ടമായ ദൈവത്തിന്റെ ഛായയ്ക്കും സാദൃശ്യത്തിനുംവേണ്ടിയുള്ള പ്രയത്നത്തിലാണ്. ഓരോ ഈശോസഭക്കാരന്റെയും വിളിയും തങ്ങളെത്തന്നെ ഈ ആദ്ധ്യാത്മികതയിൽ സമർപ്പിക്കാനും അപരനെ



ദൈവത്തിന്റെ ഈ വിളിയോട് ഉത്തരം നൽകുവാൻ പ്രാപ്തനാക്കുകയുമാണ്. ഈ വിളിക്കു മുതൽക്കൂട്ടായി നിൽക്കുന്നത് വിശുദ്ധ ഇഗ്നേഷ്യസ് ലൊയോള തിരുസഭയ്ക്ക് സംഭാവനയായി നൽകിയ ആദ്ധ്യാത്മികസാധനയും വിവേചനകലയിലൂടെ ദൈവഹിതം കണ്ടെത്തലുമാണ്. ഇതുതന്നെയാണ് ആദ്യത്തെ അപ്പസ്തോലിക മുൻഗണനയായിട്ട് ഓരോ ഈശോസഭക്കാരനും അടുത്ത പത്തു വർഷത്തേയ്ക്ക് തങ്ങളുടെ പ്രവർത്തനമണ്ഡലങ്ങളിൽ ഊന്നൽ നൽകേണ്ടത്.

ഒരു വ്യക്തി എന്നുമുതലാണോ തന്നിലും അപരനിലും ദൈവസാന്നിധ്യം കണ്ടെത്തുന്നത് അന്നുമുതൽ അപരൻ ഈ വ്യക്തിയെ വിശുദ്ധനായും മറ്റൊരു ക്രിസ്തുവുമായും കാണാറുണ്ട്. അതിനു ഏറ്റവും നല്ല ഉദാഹരണങ്ങളാണ് കൽക്കട്ടയിലെ വി. മദർ തെരേസ. ദരിദ്രരിലും പാവപ്പെട്ടവരിലും ദൈവത്തെ കണ്ടെത്തുകയും അവരെ ബന്ധിച്ചിരിക്കുന്ന അടിമത്തത്തിന്റെ ചങ്ങലകൾ പൊട്ടിച്ചുവലിച്ചെറിയുവാനുള്ള വിളിയാണ് ഈശോസഭക്കാർ നൽകിയ രണ്ടാമത്തെ അപ്പസ്തോലിക മുൻഗണന. വിശന്നുവന്ന യാചകന് ബൈബിൾ വിറ്റ കാശുകൊണ്ട് ഭക്ഷണം നൽകിയ വി. ഫ്രാൻസീസ് അസീസി ഇഗ്നേഷ്യസിനു എന്നും ഒരു മാതൃകയായിരുന്നു. വിശന്നുവരുന്നവനു ഭക്ഷണവും, ദാഹിച്ചുവരുന്നവന്




വെള്ളവും പരദേശിക്ക് പാർപ്പിടവും, രോഗികൾക്ക് സൗഖ്യവും നൽകുന്നവനുമാത്രമേ സ്വർഗരാജ്യം അവകാശമായി ലഭിക്കുകയുള്ളൂ എന്ന നല്ലിടയന്റെ വചസുകൾ നമുക്ക് സ്മരിക്കാം.

സഭയുടെയും ലോകത്തിന്റെയും മുതൽക്കൂട്ടാണ് ഈ വചനങ്ങൾ. ഇവരാണ് നാളത്തെ സമൂഹത്തെ കെട്ടിപ്പെടുത്തുന്നത്. പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ യുവജനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഒരു സുനഹദോസുപോലും വത്തിക്കാനിൽ വിളിച്ചുചേർക്കുകയുണ്ടായി. യുവജനങ്ങൾ പുതിയ ആശയങ്ങളാൽ സമ്പുഷ്ടമാണ്. ഇവരുടെ ആശയങ്ങളും താൽപ്പര്യങ്ങളും ശരിയായ ദിശയിലേക്കും മറ്റുള്ളവർക്ക് ഉപകരിക്കുന്നവയുമാക്കി മാറ്റുവാനുള്ള വിളിയാണ് മൂന്നാമത്തേത്. ഓരോ ഈശോസഭക്കാരനും തങ്ങളുടെ പ്രവർത്തനമണ്ഡലങ്ങളിലുള്ള യുവജനങ്ങളെയൊപ്പം കൂട്ടിനിർത്തി നല്ലൊരു സമൂഹം കെട്ടിപ്പെടുത്തുവാൻ ഈ വിളി സഹായിക്കും.

വി. ഫ്രാൻസീസ് അസീസി ഈ പ്രപഞ്ചത്തിലുള്ള ഓരോ ചരാചരങ്ങളെയും ‘സഹോദര’, ‘സഹോദരി’ എന്ന് അഭിസംബോധനചെയ്ത് താനും പിതാവായ ദൈവത്തിന്റെ മകനും ഈ പ്രപഞ്ചത്തിന്റെ സഹോദരനുമാണെന്നു ലോകത്തോട് വിളിച്ചുപറഞ്ഞു. വിശുദ്ധ ഇഗ്നേഷ്യസ് ലൊയോളയും തന്റെ ആദ്ധ്യാത്മികസാധനയുടെ അവസാനത്തെ സാധകത്തിൽ ദൈവസാന്നിധ്യം ഈ പ്രപഞ്ചത്തിൽ മുഴുവൻ നിറഞ്ഞുനിൽക്കുന്നുവെന്ന് ഓരോ ധ്യാനിയെയും ധ്യാനിക്കുവാൻ ക്ഷണിക്കുന്നു. ഈ പ്രപഞ്ചം നമ്മുടെകൂടെ പിറപ്പുകളാണെന്നും ഇതിലുള്ള ഓരോ സൃഷ്ടിയും നമ്മുടെ സഹോദരനും സഹോദരിയുമാണെന്നും അവരെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണെന്നും നാലാമത്തെ അപ്പസ്തോലിക മുൻഗണന ഓരോ ഈശോസഭക്കാരനെയും ക്ഷണിക്കുന്നു.

ഈശോസഭ തിരഞ്ഞെടുത്ത ഈ നാലു അപ്പസ്തോലിക മുൻഗണനകൾ ഈശോസഭാധികാരികളുടെ പുതിയ കണ്ടെത്തലുകളല്ല, മറിച്ച് ഈശോസഭയുടെ ആരംഭം മുതൽ അവ തങ്ങളുടെ പ്രവർത്തനമേഖലയിൽ പ്രാവർത്തികമാക്കിയതാണ്. ഇനി വരുന്ന പത്തുവർഷത്തോളം തങ്ങൾ പരിശീലിച്ച ഈ മുൻഗണനകൾക്ക് കൂടുതൽ ഊന്നൽ നൽകി വ്യാപിക്കുകയും ദൈവത്തിന്റെ ഉപരിമഹത്വത്തിനായ പ്രയത്നിക്കുകയുമാണ് ഈശോസഭയുടെ ലക്ഷ്യം. ■

# ഈശോസഭയുടെ ആഗോള
# അപ്പസ്തോലിക മുൻഗണനകൾ

***ഫാ. മനീഷ് എസ്.ജെ.***

*സൃഷ്ടിയിൽ പലതായ നാം ഒന്നാണെന്ന ആത്മാവബോധം ഈ ചതുർഭുജങ്ങളുടെ സമാഹാരത്തിലൂടെ നമ്മിൽ ആഴപ്പെടും.*

ഈശോസഭയുടെ ആഗോള അപ്പസ്തോലിക മുൻഗണനകൾ വിളിച്ചോതുന്നത് ഈശോസഭയുടെ ചലനാത്മകത, സംലഭ്യത, സർഗ്ഗാത്മകത, ആധുനികത, എല്ലാവരെയും പരസ്പരം കൂട്ടിയിണക്കുന്ന ദാർശനികത, ഏവരെയും ഉൾക്കൊള്ളുന്ന ആത്മീയത, എല്ലാവരോടുമൊപ്പം ആയിരിക്കുകയും എന്നാൽ അശരണരെ പ്രത്യേകമായി പരിരക്ഷിക്കുന്ന നീതിയുടെ ദൈവീക നീർധാരയാണ്.

അനാഥത്വത്തിൽ അകപ്പെടുന്നതിലെ ഭീതി, നശ്വരതയിൽ അഭയം തേടിയുള്ള മനുഷ്യന്റെ പരക്കം പാച്ചിൽ, അവഗണന നൽകുന്ന വേദന, അന്തച്ഛിദ്രത്തിലൂടെ വരുത്തി വയ്ക്കുന്ന വിനാശം, തെറ്റിദ്ധരിക്കപ്പെടുന്ന യുവത്വത്തിന്റെ ആശങ്ക, എന്നിങ്ങനെ പോകുന്നു മനുഷ്യന്റെ സങ്കീർണ്ണമായ പ്രശ്നങ്ങൾ.

നാശത്തിലേയ്ക്കുള്ള ജനതയുടെ ഈ കുത്തൊഴുക്കിനെ നാലു മലകളായി ബന്ധിച്ച് ആത്മബോധത്തിന്റെ ഡാമിൽ ശേഖരിച്ച് ഒഴുക്കിന്റെ തീവ്രത കുറച്ച് ശാന്തമാക്കി, ശുദ്ധീകരിക്കപ്പെട്ട് പ്രത്യാശയുടെ മക്കളാണ് ഓരോരുത്തരും എന്ന ബോധ്യത്തിൽ അധിഷ്ഠിതമായി ഫലഭൂയിഷ്ഠമായ പാടത്തിലെ അരുവിയായി ഈ ജനത സ്വയം ഒഴുകി ഇറങ്ങുവാൻ ഓരോ ഈശോസഭക്കാരന്റെയും നിതാന്തമായ ജാഗ്രതയും സാമീപ്യവും മാർഗനിർദ്ദേശവും അത്യന്താപേക്ഷിതം എന്ന് വിളംബരം ചെയ്യപ്പെടുന്ന സമയമാണിത്. ഈ ദൗത്യത്തിന് ഈശോസഭക്കാരൻ മുന്നിട്ടിറങ്ങണം. ഈ ദൗത്യം നിർവഹിക്കുവാനുള്ള പ്രാപ്തി ഒരു ഈശോസഭക്കാരനുണ്ട് എന്ന തിരിച്ചറിവിലുള്ള ആഴപ്പെടലാണ് നാം സാർവത്രിക അപ്പസ്തോലിക മുൻഗണനയിലൂടെ ദർശിക്കുന്നത്.

സാർവത്രിക അപ്പസ്തോലിക മുൻഗണനയിൽ പ്രതിപാദിക്കപ്പെടുന്ന നാലു മലകളാൽ ഈശോസഭക്കാരന്റെ പൈതൃകമായ ആദ്ധ്യാത്മിക സാധനയിലൂടെ കരഗതമാകുന്ന വിവേചനകലയും, കൂടാതെ ഈ അളവുകോലിനാൽ കാലഗതിയിലെ ക്രമക്കേടും പ്രത്യാഘാതങ്ങളും തിരിച്ചറിഞ്ഞ് കാലത്തെ സുസ്ഥിതിയിലേക്ക് പുനർനിർണ്ണയിക്കുവാൻ പ്രാമുഖ്യം നൽകുന്ന ഈശോസഭയുടെ ദൗത്യമായാണ് അവഗണിക്കപ്പെടുന്നവരോടുള്ള അനുകമ്പയും, ജീവന്റെ അക്ഷയപാത്രമായ ഈ ഭൂവിനോടുള്ള അതിരുറ്റ കരുതലും തന്നിലെ സർഗാത്മകതയുടെ അന

ന്തമായ ഊർജ്ജം പ്രകടമാക്കിക്കൊണ്ട് സ്വയം പങ്കുവയ്ക്കപ്പെടുവാനും കണ്ടെത്തുവാനും ഉത്സുകരായി വർത്തിക്കുന്ന യുവത്വത്തിനോടൊപ്പമുള്ള പ്രയാണവും.

ഈശോസഭയിലൂടെ സജീവമാക്കപ്പെടുന്ന വിമോചന ദൈവശാസ്ത്രത്തിന്റെ നീരുറവയായിട്ടാണ് ഈ മുൻഗണനകൾ എന്റെ ഹൃദയത്തെ സ്പർശിക്കുന്നതും ആവേശംകൊള്ളിക്കുന്നതും. സൃഷ്ടിയിൽ പലതായ നാം ഒന്നാണെന്ന ആത്മാവബോധം ഈ ചതുർഭുജങ്ങളുടെ സമാഹാരത്തിലൂടെ നമ്മിൽ ആഴപ്പെടുകതന്നെ ചെയ്യും.

ഈ പ്രപഞ്ചത്തിന്, നമുക്ക്, ഈശ്വരൻ എന്ന ഒരു നാഥനുണ്ട്. നമുക്ക് ഉചിതമായ ആലോചനകൾ നൽകിക്കൊണ്ട്, "നമ്മെ ശരിയായ ദിശയിലേയ്ക്ക് നയിക്കുവാൻ വെമ്പൽക്കൊള്ളുന്ന ഒരു ദൈവം നമ്മോടൊത്തു ആന്തരിക സ്വാതന്ത്ര്യത്തിലൂടെ ഈ ഈശ്വരനിൽ വസിച്ചുകൊണ്ട് പരസ്പരം അഭിവൃദ്ധിയിലേക്കും ഉന്നതിയിലേക്കും നയിക്കുന്ന പങ്കാളിത്ത സമൂഹത്തെ നമുക്ക് വളർത്തിയെടുക്കാനാകും. ഈ പ്രതിഭാസമാണ് നമ്മിൽ ഒരുമയുടെ അനുഭവം സാദ്ധ്യമാക്കുന്നത്. നാമെല്ലാം ഒരു ശരീരത്തിലെ അവയവമാണെന്ന സ്നേഹാനുഭവം നാം ഒന്ന് എന്ന ബോധ്യത്തിൽ നമ്മെ ഉറപ്പിക്കുന്നു. ഇവിടെ വ്യക്തിയുടെയും സമൂഹത്തിന്റെയും തനിമയും അനന്യതയും നിത്യം ശ്ലാഘിക്കപ്പെടുന്നു. ആദ്ധ്യാത്മിക സാധനയും വിവേചനകലയും ആത്മസ്വാതന്ത്ര്യത്തിലേയ്ക്കും നമ്മിൽ സജീവമായി കുടികൊള്ളുന്ന പരമേശ്വരസാന്നിദ്ധ്യത്തിലേയ്ക്കും തുറവിനൽകിക്കൊണ്ട് ഈ പരമേശ്വരനുമായി താതാത്മ്യം പ്രാപിച്ച് എല്ലാത്തിലും എല്ലാവരോടും നിർമമതയോടെ വ്യാപരിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. ഇവിടെ ജാതിയെന്നോ മതമെന്നോ റീത്തെന്നോ വർഗ്ഗമെന്നോ വർണ്ണമെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ എന്ന സ്പർദ്ധയില്ലാതെ വിഭാഗീയതയില്ലാതെ എല്ലാവരോടുമുള്ള ഒരുമയിൽ നാം അഭിവൃദ്ധി പ്രാപിക്കുന്നു. ഇവിടെ ആരെയും അവഗണിക്കുന്നില്ല, സ്വാർത്ഥത നിറഞ്ഞ സമൂഹവും ഇവിടെയില്ല. ഈയൊരു വളർച്ചയാണ് ഈശോസഭക്കാരനിലെ തനിമ. ഈ തനിമയിലാണ് നാം പ്രകൃതിയുടെ അവിഭാജ്യഘടകമാണെന്ന അനുഭവബോധ്യം നമ്മെ പ്രകൃതിയോട് കരുതലുള്ളവരാക്കുന്നത്. ഈ തിരിച്ചറിവു നൽകുന്ന ഒത്തൊരുമയിലും കർമ്മത്തിലുമാണ് ഒരു ഈശോസഭക്കാരൻ നിത്യയൗവ്വനം അനുഭവിക്കുന്നത്. കരുതലും തീക്ഷണതയും നമ്മെയും നമ്മിലൂടെ ഈ ലോകത്തെയും ഒരു കുടുംബമാക്കുന്നു. ഈശോസഭക്കാരൻ അനുഭവിക്കുന്ന വ്യക്തിത്വവും തനിമയും കൂട്ടായ്മയും ഇതുതന്നെയാണ്. ഈ തനിമ മനസ്സിലാക്കപ്പെടാതെ പോയതുകൊണ്ടാണ്, ഈ നന്മ ഉൾക്കൊള്ളുവാൻ സാധിക്കാതെ പോയതുകൊണ്ട് ആത്മസ്വാതന്ത്ര്യമില്ലാതെ ബന്ധനങ്ങളിൽ കഴിഞ്ഞവർ ഈ



സാർവ്വലൗകീകനന്മയുടെ ആത്മാവിനെ അടിച്ചമർത്തിയത്.

ഈശ്വരനോടുള്ള പ്രേമാഗ്നിയാൽ കത്തിജ്വലിച്ച് അനിയന്ത്രിതമായ എല്ലാ ബന്ധനങ്ങളിൽ നിന്നും വിമോചിതരായിക്കൊണ്ട്, വിമോചിതരാകാൻ ക്ഷണിച്ചുകൊണ്ട് സമൂഹത്തെ ഒരുമയിലേക്കും ഔന്നത്യത്തിലേയ്ക്കും സമത്വത്തിലേയ്ക്കും യൗവ്വനത്തിന്റെ തീക്ഷണതയാൽ നയിച്ചപ്പോഴാണ് ഈശോസഭ അമർച്ചചെയ്യപ്പെട്ടത്. പുനരുജ്ജീവിക്കപ്പെട്ട ഈശോസഭ ഈ യൗവ്വനതീക്ഷണതയുടെ ഒരു നിഴൽ മാത്രമാണ്. സർഗ്ഗാത്മകത നഷ്ടപ്പെട്ട, ഭയം വിട്ടുമാറാതെ സ്വയം നിയന്ത്രണങ്ങൾക്കുള്ളിൽ തളയ്ക്കപ്പെട്ട് കിടക്കുന്ന അവസ്ഥയിൽ നിന്നും വിമുക്തരാകാൻ ഈശോസഭ നമ്മെ ക്ഷണിക്കുന്നു. തന്നിലെ ഈശ്വരനോടുള്ള പ്രേമാഗ്നിയെ പുനരുജ്ജീവിപ്പിക്കുവാനുള്ള ആഹ്വാനമാണ് ആദ്ധ്യാത്മിക സാധനയ്ക്കും വിവേചനകലയ്ക്കും മുൻഗണന നൽകിക്കൊണ്ട് വീണ്ടും ഈശോസഭ ആഴപ്പെടുത്തുന്നത്. ഈ ആഴപ്പെടലിലാണ് ഈശോസഭക്കാരന്റെ തനിമ. ലോകത്തിൽ മറഞ്ഞുകിടക്കുന്ന ഈ തനിമയെ ഉണർത്തുവാനുള്ള ഈ ക്ഷണത്തെ നമുക്ക് ആളിക്കത്തിക്കാം.

അന്തർയാമിയായ ഈശ്വരനിലുള്ള ആത്മാവിന്റെ ഏകീകരണമാണ് നാം എല്ലാവരും ഏകം ആണ് എന്ന ഐക്യഭാവത്തിലും ബോധ്യത്തിലും നമ്മെ പരിവർത്തിതമാക്കുന്നത്. മനസ്സിന്റെ സ്വാതന്ത്ര്യം വേർതിരിവ് നിർമാർജ്ജനം ചെയ്ത് ബന്ധത്തെ ഊഷ്മളവും നമ്മെ അകമഴിഞ്ഞ പരോപകാരികളുമാക്കുന്നു. സൃഷ്ടി അനുപൂരകമെന്ന തിരിച്ചറിവും ഇവിടെയാണ് നാം കണ്ടെത്തുന്നത്. നമ്മിലേയ്ക്കും നമുക്കു ചുറ്റുമുള്ളവയിലേയ്ക്കും വെളിച്ചം വീശുന്ന ഉൾക്കാഴ്ചകളാണ് നമ്മെ ഏവരെയും സ്ഥൈര്യപ്പെടുത്തുന്നത്. നമ്മിലെ അടിസ്ഥാനം ഏകീകരിക്കപ്പെടുമ്പോൾ ഉപരിപ്ലവമായ സൃഷ്ടിയിലും ഈ സമത്വം നമുക്ക് ദർശിക്കാനാകും. ഇവിടെയാണ് നാം ഭൂമിയുടെ പരിപാലകരാകുന്നത്. ഒരു ഈശോസഭക്കാരന്റെ തനിമ സൃഷ്ടിയിൽ അന്തർലീനവും പ്രകടവുമായ സത്യം ദർശിച്ച് ഈ സമത്വത്തെ പരിപോഷിപ്പിക്കുക എന്നതാണ്. ഇത്തരത്തിൽ നമുക്ക് ക്രിസ്തുവിന്റെ സുഹൃത്ത് സംഗമത്തിൽ ആഴപ്പെടാം.

നമ്മുടെ ഈ മുൻഗണനകളിൽ നാം ശ്രദ്ധിക്കേണ്ട പ്രസക്തമായ വസ്തുതയാണ് സമീകൃതമായിരിക്കുക എന്നുള്ളത്. ആയതിനാൽ പാർശ്വവത്ക്കരിക്കപ്പെടുന്ന ജനതയോടും യുവജനതയോടും മാത്രം ആയിരുന്നാൽ ഇതേ അളവുകോലുകൊണ്ടുത്തന്നെ ഈശോസഭയും പാർശ്വവൽകരിക്കപ്പെടും. അവഗണിക്കപ്പെടുന്ന ജനതയോടൊപ്പമായിരിക്കുമ്പോൾത്തന്നെ അവഗണിക്കുന്നവരോടൊപ്പവും നമുക്കായിരിക്കുവാൻ സാധിക്കണം. യുവത്വത്തോടൊപ്പമായിരിക്കുമ്പോൾത്തന്നെ നമുക്ക് ബാല്യകൗമാരമദ്ധ്യവയസ്കവാർദ്ധക്യത്തിലുള്ളവരോടുമൊപ്പവും ആയിരുന്നുകൊണ്ട്, ഏവരെയും ഏവർക്കും സ്വീകാര്യരാക്കാം. ഇവിടെയാണ് പരസ്പരം ഉൾക്കൊള്ളുവാനും പങ്കുവയ്ക്കുവാനുമുള്ള ഹൃദയം ഉരുവാക്കപ്പെടുവാൻ ആദ്ധ്യാത്മിക സാധനയുടെയും വിവേചനകലയുടെയും സഹായത്തോടെ ഈ പാതയിൽ അഭിവൃദ്ധി പ്രാപിച്ച് അനുനിമിഷം ജീവിക്കുന്ന ഈശോസഭക്കാരനായിരുന്നുകൊണ്ട്, നാം പ്രയത്നിക്കേണ്ടത്. ഇങ്ങനെ സ്വാതന്ത്ര്യവും ഉത്തരവാദിത്വവും നദിപോലെ നമ്മിലൂടെ ഒഴുകട്ടെ.

# ഒരു ജെസ്യൂട്ട്
# **മാമ്പഴക്കാലം**

***പട്രീഷ ആൻ അൽവേഴ്സ്***

*വഴിയോരം നിറയെ മാമ്പഴങ്ങൾ നിറങ്ങൾ കാണിച്ച് നമ്മെ മാടി വിളിക്കുന്ന കാലമാണിത്. ഇന്ത്യയിൽ, പ്രത്യേകിച്ച് ഗോവയിൽ ഇന്നു കാണുന്ന മാമ്പഴങ്ങളുടെ ലഭ്യതയിൽ ജെസ്യൂട്ട് വൈദികരുടെ ഇടപെടൽ ഉണ്ടായിരുന്നുവെന്നത് കൗതുകകരമായ കാര്യമാണ്.*

16-ാം നൂറ്റാണ്ടിൽ പോർച്ചുഗീസ് ഭരണാധികാരികൾക്കൊപ്പം വന്ന ഈ ശോസഭ വൈദികർ വിശ്വാസ വളർച്ചയിൽ നൽകിയ സേവനങ്ങൾക്കും ഉപരിയായി മറ്റു ചില നന്മകൾ ഇവിടെ നിക്ഷേപിച്ചിട്ടുണ്ട്. ഈ നിക്ഷേപത്തിൽനിന്ന് തിരഞ്ഞെടുക്കാൻ ഒരുപാട് ഉണ്ടെങ്കിലും ഈ മാമ്പഴക്കാലത്ത് നിശ്ചയമായും നാം പെറുക്കിയെടുക്കേണ്ടത് മധുരമൂറുന്ന മാമ്പഴങ്ങൾ തന്നെയാണ്. നാം ആസ്വദിച്ച് കഴിക്കുന്ന ഈ മധുരഫലം നമ്മുടെ നാട്ടിൽ ഇത്രയും സുലഭമായതിന്റെ ചരിത്രപരമായ കാരണങ്ങളിലേക്ക് നാം എത്തിനോക്കണം. ഒപ്പം ലോകമെമ്പാടും ഏറ്റവും മെച്ചപ്പെട്ട മാമ്പഴങ്ങൾ ലഭിക്കുന്ന പ്രദേശം എന്ന ഖ്യാതിയുടെ പിന്നിൽ ഈശോസഭക്കാർ നൽകിയ നിർണ്ണായക സംഭാവനകൾകൂടി അറിയണം

ചെറിയൊരു സംസ്ഥാനമാണ് ഗോവ എങ്കിലും മാമ്പഴങ്ങളോടുള്ള താല്പര്യം വളരെ വലുതാണ്. ഇത്തരമൊരു താല്പര്യത്തിന്റെ അസ്തിത്വത്തിനുള്ള നീതികരണം ചുമത്തപ്പെടുന്നത് യൂറോപ്യൻ ജെസ്യൂട്ട് വൈദികരിലാണ്. കാരണം അവരാണ് ശാസ്ത്രീയമായ ഗ്രാഫ്റ്റിങ് രീതികളും പരീക്ഷണങ്ങളും നമ്മെ പഠിപ്പിച്ചത്. 16-ാം നൂറ്റാണ്ടിൽ ഇന്ത്യയിൽ അവർ എത്തി. ഈ നൂറ്റാണ്ടിന്റെ അവസാനം ആകുമ്പോൾ ലോകം മുഴുവൻ മാമ്പഴം കയറ്റുമതി ചെയ്യുന്ന രാജ്യമായി



ഇന്ത്യൻ വിപണി വളർന്നു. ഗോവയിൽ നിന്നുംതന്നെ 106 ഇനം മാമ്പഴങ്ങൾ കയറ്റുമതി ചെയ്തുവെന്ന് പഴയകാല രേഖകൾ സാക്ഷ്യപ്പെടുത്തുന്നു.

ഗ്രാഫ്റ്റിങ് എന്ന കല ഇന്ത്യയിൽ കൊണ്ടുവന്നത് ഈശോസഭക്കാരാണ് എന്ന ഗോവ ബോട്ടാണിക്കൽ സൊസൈറ്റി മുൻ സെക്രട്ടറി മിഖുവേൽ ബ്രാങ്ഗാൻസ അഭിപ്രായപ്പെടുന്നു. ആ കാലഘട്ടത്തിലെ ഏറ്റവും മികച്ച ഗ്രാഫ്റ്റിങ് രീതികൾ അവർ ഇവിടെ പരിചയപ്പെടുത്തിയത് എന്ന് ഗുജറാത്തിൽ നിന്നുള്ള ആർ.എസ്. അമീൻ പറയുന്നു. 1986 വരെ ഈശോസഭക്കാർ പഠിപ്പിച്ച ഗ്രാഫ്റ്റിങ് രീതി ഗോവയിൽ വ്യാപകമായിരുന്നു. ഈ പ്രക്രിയ കൂടുതൽ കഠിനാദ്ധ്വാനം ആവശ്യമായതിനാൽ കർഷകർ പിന്നീട് എളുപ്പമുള്ള രീതിയിൽ സ്വീകരിച്ചു തുടങ്ങി.


പോർച്ചുഗീസുകാരും ഈശോസഭക്കാരും വരുന്നതിനു മുമ്പുതന്നെ മാമ്പഴം ഇന്ത്യൻ സംസ്കാരത്തിലും മിത്തുകളിലും ചരിത്രത്തിലും ഇടം നേടിയിരുന്നു. ഋഗ്വേദത്തിലും ഉപനിഷത്തിലും മാമ്പഴം പരാമർശിക്കപ്പെടുന്നുണ്ട്. പക്ഷേ, ഗ്രാഫ്റ്റിങ് രീതി പ്രചാരത്തിൽ വന്നതിനുശേഷമാണ് മാമ്പഴം ഇന്ത്യയിൽ വ്യാപകമായത്. പഴയ ഗോവയിലെ ജെസ്യൂട്ട് സെമിനാരിയിൽനിന്ന് ഗ്രാഫ്റ്റിങ് രീതികൾ ജനങ്ങളെ പരിശീലിപ്പിക്കുവാൻ വൈദികവിദ്യാർത്ഥികളെ അയച്ചിരുന്നുവെന്ന് റാകോൾ സെമിനാരിയിലെ ഫാ. വിക്ടർ ഫെറാ പറയുന്നു.

അക്ബർ രാജാവ് ഗോവയിലുള്ള ഈശോസഭക്കാരുടെ ഗ്രാഫ്റ്റിങ് വൈഭവം കേട്ടറിഞ്ഞ് അവരെ തന്റെ കൊട്ടാരത്തിലേക്ക് ക്ഷണിച്ചുവരുത്തി. ഒരു ലക്ഷത്തിൽപ്പരം മാവുകൾ അദ്ദേഹം നട്ടുവളർത്തി. അദ്ദേഹത്തിന്റെ പൗത്രൻ ഷാജഹാൻ കൊങ്കൺ നിന്ന് ഡൽഹിയിലേക്ക് മാമ്പഴം എത്തിക്കാൻ വേഗതയേറിയ പാത നിർമ്മിച്ചു.

ചാൾസ് ബോർജസ് എന്ന ഗവേഷകൻ Economics of the Goa Jesuits 1542-1759 - An Explanation of their Rise എന്ന കൃതിയിൽ ഈശോസഭക്കാരുടെ ഗ്രാഫ്റ്റിങ് രീതികൾ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഈശോസഭക്കാരുടെ ഇടപെടൽ ഗോവയിലെ മാമ്പഴത്തെ ഇന്ത്യയിലെ പഴങ്ങളുടെ രാജാവ് ആക്കിയെന്ന് പറഞ്ഞാൽ അതിശയോക്തിയല്ല. പോർച്ചുഗീസ് ഭരണകൂടവുമായിട്ടുള്ള നയതന്ത്ര ഉപകരണമായും ഗോവൻ മാമ്പഴം പ്രവർത്തിച്ചിട്ടുണ്ട്. ഇന്ത്യയിൽനിന്ന് മാമ്പഴം ലിസ്ബണിൽ എത്തുന്നത് വലിയ ആഘോഷത്തോടെയാണ് സ്വീകരിക്കപ്പെട്ടത്.

ഗ്രാഫ്റ്റിങ് രീതികൾ സാധാരണക്കാർക്കുകൂടി പ്രാപ്യമായപ്പോൾ വ്യത്യസ്തമായ പേരുകളിൽ മാവുകൾ നട്ടുവളർത്തി. ഈ പേരുകളിൽ പലതും കുടുംബത്തിന്റെയോ രാജാവിന്റെയോ വിശുദ്ധരുടെയോ ആയിരുന്നു. ഫ്രാൻസിസ് സേവ്യറിന്റെ പേരിലും മാമ്പഴം ഉണ്ട്. ഇത്തരം മാമ്പഴങ്ങൾ പലതും വീടുകളിലെ ഉപയോഗത്തിനുവേണ്ടി ഉല്പാദിപ്പിച്ചവ ആയതിനാൽ വിപണിയിൽ ലഭ്യമല്ല. ഈശോസഭക്കാർ പഠിപ്പിച്ച ഗ്രാഫ്റ്റിങ് ഗോവയിലെ മാമ്പഴങ്ങളുടെ വൈവിധ്യവും മാധുര്യവും ഗുണവും ആകർഷകമാക്കി.

*(The Times of India. April 15, 2019)*



# ജോസഫ് ബെസ്കി: തമിഴ്സാഹിത്യത്തിലെ എഴുത്തച്ഛൻ



ഫാ. ബിജു ജോർജ് എസ്.ജെ.

പാശ്ചാത്യ മിഷനറിമാർ ഭാരതത്തിൽ വന്നത് മധ്യകാല യൂറോപ്യൻസഭയുടെ മിഷൻസങ്കല്പം യാഥാർത്ഥ്യമാക്കുവാനാണ് എന്നത് വാസ്തവമാണ്. എന്നാൽ ഇവിടുത്തെ സാമൂഹിക സാംസ്കാരിക അവസ്ഥകൾ കണ്ട് അവരിൽ പലരും തങ്ങളുടെ ലക്ഷ്യത്തെക്കുറിച്ചും പ്രവർത്തനശൈലിയെക്കുറിച്ചും മാറി ചിന്തിച്ചിട്ടുണ്ട്. ഇങ്ങനെ മധ്യകാല സഭയുടെ മിഷൻ സങ്കല്പത്തെ നവീകരിക്കുകയും നൂതനമായ സുവിശേഷ പ്രചരണരീതിശാസ്ത്രം ചിട്ടപ്പെടുത്തുകയും തമിഴ്ഭാഷയുടെയും സംസ്കാരത്തിന്റെയും നവോത്ഥാന പ്രക്രിയയിൽ നിർണായക സ്വാധീനം ചെലുത്തുകയും ചെയ്ത ക്രാന്തദർശിയായ ഒരു ജെസ്യൂട്ട് മിഷനറിയാണ് ജോസഫ് കോൺസ്റ്റന്റയിൻ ബെസ്കി. പടിഞ്ഞാറിനെയും കിഴക്കിനെയും പരസ്പരം കൂട്ടിയിണക്കാൻ അദ്ദേഹം നടത്തിയ പരിശ്രമങ്ങൾ ഇന്നത്തെ സവിശേഷ സാഹചര്യത്തിൽ നാം ഗൗരവപൂർവം ചർച്ച ചെയ്യേണ്ടതാണ്. ബെസ്കിയെ സംബന്ധിച്ച് മിഷനറി പ്രവർത്തനം ഒരു വലിയ സാംസ്കാരിക പ്രവർത്തനം കൂടിയായിരുന്നു. തമിഴ് ജനതയ്ക്ക് അസ്തിത്വത്തെക്കുറിച്ച് പറഞ്ഞുകൊടുത്തതിനും തമിഴ് സാഹിത്യത്തിനും ഭാഷയ്ക്കും നൽകിയ അതുല്യമായ സംഭാവനകൾ പരിഗണിച്ചുകൊണ്ടും അദ്ദേഹത്തിന്റെ പ്രതിമ 1968-ൽ മറീന ബീച്ചിൽ തമിഴ്നാട് സർക്കാർ സ്ഥാപിക്കുകയുണ്ടായി.

ദൈവത്തെ കാണുകയും എന്നാൽ മനുഷ്യരെ മറക്കുകയും ചെയ്തിരുന്ന ഒരു കാലഘട്ടത്തിൽ മനുഷ്യരെ സ്നേഹിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തതാണ് ബെസ്കിയുടെ മഹിമ. തമിഴ്ഭാഷയെ ഏറ്റവും ആഴത്തിൽ മനസ്സിലാക്കിയതും സാഹിത്യത്തെ ഈടുറ്റതാക്കിത്തീർത്തും ബെസ്കിതന്നെ. ഇദ്ദേഹത്തെപ്പോലുള്ളവർ നടത്തിയ മിഷനറി പ്രവർത്തനത്തിന്റെ ചുവടുപിടിച്ച് പിന്നീട് മറ്റു മതസമൂഹങ്ങളിൽ ഉണ്ടായ സംഘപ്രവർത്തനങ്ങളാണ് ദക്ഷിണേന്ത്യയിൽ നവോത്ഥാനം ഉണ്ടാക്കിയത്. കറുത്ത ളോഹയിട്ട ബെസ്കിയെ തമിഴ്ജനത ആദ്യം സംശയത്തോടെയാണ് നോക്കിയത്. തന്റെ പാശ്ചാത്യവേഷം അവരുമായിട്ടുള്ള സൗഹൃദത്തിന് തടസമാണെന്ന് മനസ്സിലാക്കിയ അദ്ദേഹം ഭാരതീയ സന്യാസിമാരെപ്പോലെ കാവിവസ്ത്രവും ഇടക്കച്ചയും തലപ്പാവും സ്വീകരിച്ചു. കൂടാതെ കൈയിൽ ഒരു വടിയും തോളിൽ ഒരു സഞ്ചിയും പാദങ്ങളിൽ മരംകൊണ്ടുള്ള മെതിയടിയും ധരിച്ച് പേരും ഭാരതീയമാക്കി. അങ്ങനെ ബെസ്കി എന്ന സായിപ്പ് 'വീരമാമുനിവർ' എന്ന ഋഷിവര്യനായി മാറി. ഇതിന് മറ്റു മിഷനറിമാരിൽ നിന്ന്

വിമർശനവും ഏറ്റുവാങ്ങേണ്ടിവന്നു. എങ്കിലും അദ്ദേഹം പിന്മാറിയില്ല. ശുഭ്രവസ്ത്രം മാത്രം ധരിച്ചിരുന്ന ശ്രീനാരായണഗുരു ശിഷ്യരുടെ നിർബന്ധം മൂലം കാവിവസ്ത്രം ധരിച്ചപ്പോൾ പറഞ്ഞ വാക്കുകൾ ബെസ്കിയുടെ തീരുമാനത്തോട് നമുക്ക് ചേർത്തു വായിക്കാവുന്നതാണ്. രാജാവിന് കിരീടംപോലെ മാത്രമാണ് സന്യാസിക്ക് കാഷായവസ്ത്രം. കിരീടം ഇല്ലെങ്കിലും രാജാവ് രാജാവുതന്നെയാണ്. വേഷം ഏതായാലും ഗുരു ഗുരുവല്ലാതാകുന്നില്ല. ബെസ്കി ഒരു മിഷനറി മാത്രമായിരുന്നില്ല, അതിലുപരി സ്വപ്നദർശി കൂടിയായിരുന്നു. വഞ്ചിതനായ അദ്ദേഹത്തെ തേടി എത്തിയവരോട് യേശുവിന്റെ ജീവിത ദർശനവും മൂല്യങ്ങളും സംസാരിക്കുന്നതിൽ യാതൊരു മടിയും ഭയവും കാണിച്ചില്ല.

**ഭാരതം ബെസ്കിയുടെ ഗുരുകുലം**

ജീവിതത്തിന്റെ സുരക്ഷിതവലയങ്ങൾ ഉപേക്ഷിച്ച് ഇറ്റലിയിൽ നിന്ന് ഭാരതത്തിലേക്ക് ഇറങ്ങിത്തിരിക്കാൻ ജോസഫ് ബെസ്കിയെ പ്രചോദിപ്പിച്ചത് യേശുവിനോടുള്ള സ്നേഹമാണ്. ഇറ്റലിയിലെ കാസ്റ്റിങ്ലിയോണ ഡെല്ല സ്നിപ്പിയറേ എന്ന ഗ്രാമത്തിൽ 1680 നവംബർ 8-ന് അദ്ദേഹം ജനിച്ചു. ഉന്നത വിദ്യാഭ്യാസം നേടിയശേഷം പതിനെട്ടാമത്തെ വയസിൽ 1698 ഒക്ടോബർ 21-ന് ഈശോസഭയിൽ ചേർന്ന് സന്യാസജീവിതം ആരംഭിച്ചു. 1706 മുതൽ 1710 വരെ പൗരോഹിത്യ പഠനത്തോടൊപ്പം ഇറ്റാലിയൻ, ലത്തീൻ, ഫ്രഞ്ച്, ഗ്രീക്ക്, പോർച്ചുഗീസ് ഭാഷകൾ പഠിച്ചു. 1709-ൽ പൗരോഹിത്യം സ്വീകരിച്ച ശേഷം ജെസ്യൂട്ട് മധുര മിഷനിൽ പ്രവർത്തിക്കാൻ 1711 മെയ് 8-ന് ഭാരതത്തിൽ എത്തി.

ഒരു വിദേശിയായ തനിക്ക് ഭാഷ പ്രശ്നമാകുമെന്ന് കരുതി തമിഴ്, തെലുങ്ക്, സംസ്കൃതം, മലയാളം എന്നീ ഭാഷകൾ ഭാരതീയ സംസ്കാരം അനുസരിച്ച് ഒരു ഗുരുവിന്റെ കീഴിൽ താളിയോലയിൽ എഴുത്താണികൊണ്ട് പരിശീലനം സിദ്ധിച്ചു. മിഷൻ പ്രവർത്തനങ്ങൾക്ക് ഇടയിൽ ധാരാളം എതിർപ്പുകളും പീഡനങ്ങളും അഭിമുഖീകരിച്ചു. 1736 മുതൽ 1741 വരെ തിരുച്ചിറപ്പള്ളി അധികാരിയായിരുന്ന മുഗൾ ജനറൽ ചന്ദ സാഹിബ് ബെസ്കിയുടെ ഒരു സംരക്ഷകനായിരുന്നു. ഈ സൗഹൃദം ഉപയോഗിച്ച് ക്രിസ്ത്യാനികൾക്ക് എതിരെയുള്ള പീഡനങ്ങൾക്ക് കുറവുവരുത്തുവാൻ ബെസ്കിക്ക് സാധിച്ചു. മാതാവിന്റെ ഭക്തനായിരുന്ന ബെസ്കി മാതൃഭക്തി പ്രചരിപ്പിക്കാൻ മധുര മിഷനിലൂടെ


*സമ്പാളൂർ മ്യൂസിയം*

കാൽനടയായി സഞ്ചരിച്ചു. തഞ്ചാവൂരിന് അടുത്തുള്ള പൂണ്ടി ഗ്രാമത്തിൽ മാതാവിന്റെ നാമധേയത്തിൽ അദ്ദേഹം സ്ഥാപിച്ച് ദേവാലയം ഇന്ന് തമിഴ്നാട്ടിലെ അറിയപ്പെടുന്ന തീർത്ഥാടന കേന്ദ്രമാണ്. അതുപോലെ ശ്രദ്ധേയമായ തീർത്ഥാടന കേന്ദ്രമാണ് കോനകുപ്പം (അരിയന്നൂർ) ഗ്രാമത്തിൽ 1714-ൽ സ്ഥാപിച്ച ദേവാലയവും. ഇവിടെ ഭാരതീയ മാതൃകയിലുള്ള മാതാവിന്റെ രൂപം 'പെരിയനായകി' എന്ന പേരിൽ പ്രതിഷ്ഠിച്ചു. ഈ മാതാവിന് പട്ടുസാരി ഉടുത്ത ദക്ഷിണേന്ത്യൻ വനിതയുടെ ഛായയാണ്. ക്രിസ്തുമതത്തിന്റെ വളർച്ചയ്ക്കുവേണ്ടി അദ്ദേഹം നടപ്പിലാക്കിയ ചില പരിഷ്കാരങ്ങൾ മറ്റു മിഷനറിമാരുടെ എതിർപ്പിന് കാരണമായി. പ്രത്യേകിച്ചു ഹൈന്ദവസംസ്കാരവുമായിട്ടുള്ള കൈകോർക്കൽ പിന്നീട് ബെസ്കി തന്റെ ശ്രദ്ധ സാമ്പ്രദായിക മതപ്രചരണത്തിൽ നിന്ന് ഭാഷ - സാഹിത്യമേഖലയിലേക്ക് തിരിച്ചു.

### സാഹിത്യ സംഭാവനകൾ

മലയാളത്തിലെ എഴുത്തച്ഛന്റെ സ്ഥാനമാണ് തമിഴ് സാഹിത്യത്തിൽ ജോസഫ് ബെസ്കിക്ക് നൽകിയിരിക്കുന്നത്. വളരെ ചുരുങ്ങിയകാലം കൊണ്ട് തമിഴ് ഹൃദിസ്ഥമാക്കുകയും നിഘണ്ടു, വ്യാകരണം, ലിപിപരിഷ്കരണം, കവിത, ഗദ്യം എന്നീ മേഖലകളിൽ സംഭാവനകൾ നൽകുകയും ചെയ്തു. തമിഴ് സംസ്കാരത്തെയും മതപൈതൃകത്തെയും അടുത്തറിയാൻ തമിഴ് സാഹിത്യം ആഴത്തിൽ പഠിച്ചു. ഈ കാര്യത്തിൽ റോബർട്ട് ഡിനോബലി എന്ന ജെസ്യൂട്ട് മിഷനറിയുടെ സ്വാധീനം അദ്ദേഹത്തിന് ഉണ്ടായിട്ടുണ്ട്. പതിനഞ്ചോളം പുസ്തകങ്ങളും പോർച്ചുഗീസ്-തമിഴ് നിഘണ്ടുവും ഡിനോബലി എഴുതിയിട്ടുണ്ട്. ഈ മാതൃക സ്വീകരിച്ച ബെസ്കിയെ സാഹിത്യചരിത്രം രേഖപ്പെടുത്തിയത് ഒരു മിഷനറി എന്നതിനെക്കാളുപരി ഒരു ഭാഷാപണ്ഡിതനായിട്ടാണ്.

ഭാരതത്തിലെ നിഘണ്ടു നിർമ്മാണ ചരിത്രം മിഷനറി പ്രവർത്തന ചരിത്രവുമായ കൂടിക്കലർന്നു കിടക്കുന്നതാണ്. ***മിഷനറിമാർ വ്യാകരണഗ്രന്ഥങ്ങളും ശബ്ദകോശങ്ങളും രചിച്ചത് തങ്ങൾക്കും സഹപ്രവർത്തകർക്കും തദ്ദേശീയ ഭാഷകൾ മനസ്സിലാക്കാൻ വേണ്ടിയായിരുന്നു. എന്നാൽ ഇന്ന് ഭാഷാപഠിതാക്കൾക്ക് ഇവരുടെ കൃതികളിൽ നിന്ന് ലഭിക്കുന്ന ഏതു ചെറിയ അറിവും അങ്ങേയറ്റം വിലപ്പെട്ടതും ചരിത്രപരവുമായ നിധിയാണ്.*** തമിഴ് ഭാഷയിലെ ആദ്യകാല നിഘണ്ടുവായ തമിഴ്-ലാറ്റിൻ നിഘണ്ടു കൂടാതെ തമിഴ്-പോർച്ചുഗീസ്, തമിഴ്-തമിഴ് നിഘണ്ടുക്കളും ബെസ്കി തയ്യാറാക്കി. സാഹിത്യഭാഷയായ ചെന്തമിഴിനുവേണ്ടി രചിച്ച വ്യാകരണപ്രസ്ഥാനങ്ങൾക്കും പുറമെ സാധാരണക്കാരുടെ കൊടുന്തമിഴിനുവേണ്ടിയും വ്യാകരണകൃതികൾ എഴുതി. അങ്ങനെ 'തമിഴ് ഗദ്യത്തിന്റെ പിതാവ്' എന്ന വിശേഷണംകൂടി അദ്ദേഹം സ്വന്തമാക്കി. തമിഴ് ലിപിയുടെ പരിഷ്കരണത്തിനും ബെസ്കി നൽകിയ സംഭാവനകൾ എടുത്തുപറയേണ്ടതാണ്. അദ്ദേഹം പരിഷ്കരിക്കുന്നതുവരെ തമിഴ് വ്യഞ്ജനാക്ഷരങ്ങൾ എളുപ്പത്തിൽ വായിക്കുവാൻ പണ്ഡിതന്മാർക്ക് മാത്രമേ സാധിച്ചിരുന്നുള്ളൂ. ബെസ്കിയുടെ വിവർത്തന മികവ് പ്രകടിപ്പിച്ച സൃഷ്ടിയാണ് തിരുവള്ളൂരിന്റെ തിരുക്കുറൽ എന്ന കൃതിയുടെ ലത്തീൻ പരിഭാഷ. തമിഴ് സാഹിത്യത്തിന്റെ സൗന്ദര്യവും സമ്പന്നതയും മനസ്സിലാക്കാൻ യൂറോപ്യർക്ക് ഈ വിവർത്തനം സഹായകരമായി.

ജോസഫ് ബെസ്കിയുടെ കവിത

സിദ്ധി അടുത്തറിയാൻ 'തേംബാവനി' എന്ന മഹാകാവ്യം പരിശോധിച്ചാൽ മതി. വിശുദ്ധ യൗസേപ്പിനെക്കുറിച്ചുള്ള ഈ കൃതി അടുത്തകാലം വരെ ഒരു യൂണിവേഴ്സിറ്റിയിലെ പാഠപുസ്തകമായിരുന്നു. തമിഴ് ക്ലാസിക് കൃതികളായ കമ്പരാമായണത്തിൽനിന്നും ചിലപ്പതികാരത്തിൽ നിന്നും രചനാതന്ത്രങ്ങൾ സ്വീകരിച്ചുകൊണ്ട് രചിച്ച തേൻപോലെ മാധുര്യം ചൊരിയുന്ന കാവ്യമാണ് തേംബാവനി. ഭക്തി വളർത്തുന്നതാണ് പ്രമേയമെങ്കിലും ആഖ്യാനശൈലികൊണ്ടും കാവ്യബിംബങ്ങൾകൊണ്ടും സാഹിത്യപ്രേമികളെ ആകർഷിച്ചിട്ടുണ്ട്. മൂന്ന് വാള്യങ്ങളിലായി 3615 വരികളുള്ള മഹാകാവ്യം പഴയനിയമവും പുതിയനിയമവും അടിസ്ഥാനമാക്കി 1729-ലാണ് രചിച്ചത്. തമിഴ് സാഹിത്യത്തിലെ നാഴികക്കല്ലായ ഈ കൃതി കൂടാതെ ആധുനിക ഗദ്യഭാഷയോടൊപ്പം ചേർന്നു നിൽക്കുന്ന ഗദ്യകൃതികളും അദ്ദേഹം രചിച്ചിട്ടുണ്ട്.

**ബെസ്കി ഉറങ്ങുന്ന സമ്പാളൂർ**


ജോസഫ് ബെസ്കി അന്ത്യവിശ്രമം കൊള്ളുന്നത് തൃശൂർ ജില്ലയിലെ സമ്പാളൂർ ഗ്രാമത്തിലാണ്. മിഷനറിമാരുടെ ചരിത്രം ഉറങ്ങുന്ന മണ്ണ്. വി. ഫ്രാൻസിസ് സേവ്യർ പ്രേഷിത യാത്രയ്ക്കിടയിൽ ഈ ഗ്രാമത്തിൽ താമസിച്ചിട്ടുണ്ട് എന്നത് ഒരു ജനതയുടെ വിശ്വാസമാണ്. രക്തസാക്ഷിയായ വി. ജോൺ ബ്രിട്ടോ 17-ാം നൂറ്റാണ്ടിൽ സമ്പാളൂർ ജെസ്യൂട്ട് ആശ്രമത്തിലെ അംഗമായിരുന്നു. പുത്തൻപാനയും മലയാള വ്യാകരണ-നിഘണ്ടുക്കളും രചിച്ച അർണോസ് പാതിരി ഇവിടെ സെമിനാരിയിൽ പഠിക്കുകയും വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു. ഇങ്ങനെ പ്രേഷിതവര്യരുടെ സ്മൃതികൾ ഒരു ഗൃഹാതുരത്വമായികൊണ്ടും നടക്കുന്ന സമ്പാളൂരിലാണ് ബെസ്കി ഇന്ന് ഉറങ്ങുന്നത്. അദ്ദേഹം അവസാന നാളുകൾ സമ്പാളൂർ സെന്റ് പോൾസ് സെമിനാരിയിലായിരുന്നു. ഇവിടെ അധ്യാപകൻ കൂടിയായിരുന്നു അദ്ദേഹം. 1742 ഫെബ്രുവരി 4-ന് അന്തരിച്ചു. സമ്പാളൂർ പള്ളിയോട് ചേർന്നുള്ള സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്ന ബെസ്കിയുടെ പേരിൽ ഒരു സ്മൃതിമണ്ഡപവും മ്യൂസിയവും ഇവിടെയുണ്ട്.

***ജോസഫ് ബെസ്കി ഉറങ്ങുന്ന പുണ്യഭൂമിയായ സമ്പാളൂരിന് നമ്മുടെ വേണ്ടത്ര ശ്രദ്ധ ലഭിച്ചിട്ടില്ല. ഒരു കാലഘട്ടത്തിൽ ജെസ്യൂട്ട് പാതിരിമാരുടെ തറവാട് ആയിരുന്ന നാട്. 1662-ൽ പോർച്ചുഗീസുകാരെ നിഷ്കാസിതരാക്കി ഡച്ചുകാർ കൊച്ചി കീഴടക്കിയപ്പോൾ അവിടുത്തെ ആശ്രമവും സെമിനാരിയും പ്രസ്സും ഈശോസഭക്കാർ സമ്പാളൂരിൽ കൊണ്ടുവന്ന് പുനഃസ്ഥാപിച്ചു. പിന്നീട് ടിപ്പു സുൽത്താന്റെ ആക്രമണത്തോടുകൂടി സമ്പാളൂർ നാമാവശേഷമായി.***

18-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ സേവനം ചെയ്യാൻ ഭാരതത്തിൽ വരുകയും തമിഴ് സാഹിത്യത്തിന് 35 ഓളം കൃതികൾ സംഭാവന ചെയ്ത ജോസഫ് ബെസ്കി ഇന്ന് സമ്പാളൂർ ഗ്രാമത്തിന്റെ മാത്രം ഒരു വികാരമായി ചുരുങ്ങുകയാണോ. ഭാരതത്തിൽ സാംസ്കാരികാനുരൂപണത്തിന് ഏറെ സാധ്യതകളും അതിലേറെ വെല്ലുവിളികളും അഭിമുഖീകരിക്കുന്ന സഭയ്ക്ക് കാലോചിതമായ കാഴ്ചപ്പാടുകളും സമീപനങ്ങളും രീതിശാസ്ത്രവും കണ്ടെത്തുവാൻ ബെസ്കിയെപ്പോലുള്ളവരുടെ ദീർഘവീക്ഷണത്തെ ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു.

*(സൺഡേ ശാലോം. 2019 ജനുവരി 20)*

■



# മലയാളത്തിന്റെ **രണ്ടാം എഴുത്തച്ഛൻ**

*എഫ്. ആന്റണി പുത്തൂർ*

*മലയാള സാഹിത്യത്തിനും ഭാഷയ്ക്കും ക്രൈസ്തവ ആത്മീയതയ്ക്കും അർണോസ് പാതിരി നൽകിയ സംഭാവനകളെ വിലയിരുത്തുന്നു.*

ക്രൈസ്തവ മൂല്യങ്ങൾക്ക് നൂതന ഭാവമേകി ക്രിസ്തീയ ആധ്യാത്മികതയെ പ്രോജ്വലിപ്പിച്ച മലയാള ഗാന കാവ്യങ്ങളാണ് ഉമ്മാടെ ദുഃഖം അഥവാ ദൈവമാതാവിന്റെ വ്യാകുല പ്രലാപം, ദൈവമാതാവിന്റെ വ്യാകുല്രപബന്ധം, പുത്തൻപാന അഥവാ രക്ഷാകരവേദ കീർത്തനം (കൂദാശപ്പാന) എന്നിവ. 'ദൈവമാതാവിന്റെ വ്യാകുല പ്രലാപം' പഴയ തലമുറക്ക് മനഃപാഠമാണ്. ശവ സംസ്കാരത്തിന്റെ തലേരാത്രിയിലും ദുഃഖവെള്ളിയാഴ്ചകളിലും ക്രൈസ്തവ ഭവനങ്ങളിലും ദൈവാലയങ്ങളിലും പുത്തൻപാനയിലെ പതിനൊന്നാം പാദം വായിക്കുന്നത് ഇന്നും പതിവാണ്. ബഹുഭാഷാപണ്ഡിതനും മലയാളം, സംസ്കൃതം ഭാഷകളിൽ അതിനിപുണനുമായിരുന്ന അർണോസ് പാതിരി (യൊഹാൻ ഏൺസ്റ്റ് ഹാങ്ങ്സ്ലേഡൻ) യാണ് ഈ കാവ്യങ്ങളുടെ കർത്താവ്.

1716-ൽ നതോന്നത (വഞ്ചിപ്പാട്ട്) വൃത്തത്തിൽ എഴുതപ്പെട്ട ദൈവമാതാവിന്റെ വ്യാകുല പ്രലാപം മലയാള ഭാഷയിലെ ആദ്യ വിലാപ കാവ്യമാണ്. ഈശോയുടെ മൃതദേഹം മടിയിൽ കിടത്തി പരിശുദ്ധ ജനനി നടത്തുന്ന വിലാപമാണ് മേരി മാതാവിന്റെ ഏഴു വ്യാകുലങ്ങളാണ് - ഈ കാവ്യത്തിലുള്ളത്. 1718-ൽ സംസ്കൃത വൃത്തങ്ങളായ ഇന്ദ്രവജ്ര, ഉപേന്ദ്രവജ്ര എന്നിവ കലർന്നു വരുന്ന ഉപജാതിയിൽ രചിച്ച 'ദൈവമാതാവിന്റെ വ്യാകുലപ്രബന്ധത്തിൽ' യേശുവിന്റെ പീഡാനുഭവങ്ങളും മരണവും മാതാവിന്റെ ഹൃദയത്തിൽ ഉളവാക്കിയ പ്രതികരണങ്ങളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. ഇത് മലയാളത്തിലെ രണ്ടാമത്തെ വിലാപ കാവ്യമാണ്. ഗ്രീസിന്റെ സംഭാവനയാണ് എലിജി എന്നറിയപ്പെടുന്ന വിലാപകാവ്യരൂപം. ഈ രചനാരീതിയാണ് ദൈവമാതാവിന്റെ വ്യാകുല പ്രലാപത്തിലും ദൈവമാതാവിന്റെ വ്യാകുലപ്രബന്ധത്തിലും സ്വീകരിച്ചിരിക്കുന്നത്.

## പുത്തൻപാനയുടെ അവതരണരീതി

1222-ൽ അർണോസ് പാതിരി കൊടുങ്ങല്ലൂർ ആർച്ച് ബിഷപ് ഡോ. ആന്റണി പിമന്തോളിന്റെ (1721-1752) ആശീർവാദത്തോടെ പൂർത്തിയാക്കിയ പുത്തൻപാന (കുദാശപ്പാന പതിമൂന്ന് പാദങ്ങളായാണ് രചിച്ചിരിക്കുന്നത്. പാനവൃത്തമായ ദ്രുതകാകളി വൃത്തത്തിലാണ് പുത്തൻപാനയുടെ രചന. ചാത്യാത്ത് കർമലനാഥയുടെ ദൈവാലയത്തിൽ വലിയ നോമ്പുകാലത്ത് ശുശ്രൂഷക

ളിൽ പങ്കെടുക്കുവാൻ വന്നപ്പോൾ അർണോസ് പാതിരി കേട്ട 'ദേവാസ് തവിളി'യും 'ദേവമാതാവമ്മാനെ' എന്ന ചെന്തമിഴ് കൃതിയുമാണ് ഈ മൂന്നു കാവ്യങ്ങൾക്കും പ്രേരകശക്തിയായത്. തമിഴിന്റെ ദാസ്യത്തിൽനിന്നും മലയാളത്തെ മോചിപ്പിച്ച് സംസ്കൃത പ്രധാനമായ മലയാളത്തിന് രൂപം നൽകിയ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ സാഹിത്യഭാഷയാണ് അർണോസ് പാതിരിയും സ്വീകരിച്ചത്. ***അതിനാൽ ഇന്നത്തെ രൂപത്തിലുള്ള ശ്രേഷ്ഠ മലയാളത്തിന്റെ പ്രാരംഭകൻ കൂടിയാണ് അദ്ദേഹം. ഈ പശ്ചാത്തലം ശരിയായി വിലയിരുത്തിയതിനാലാണ് മലയാളത്തിന്റെ സർഗധനനായ ഡോ. സുകുമാർ അഴീക്കോട് അർണോസ് പാതിരിയെ 'രണ്ടാം എഴുത്തച്ഛൻ' എന്ന് വിശേഷിപ്പിച്ചത്.***

അർണോസ് പാതിരി ഏറെ ആദരിക്കുകയും സ്നേഹിക്കുകയും പിതൃസമാനനായി കാണുകയും ചെയ്തിരുന്ന ആർച്ച് ബിഷപ് ജോൺ റിബേരോ എസ്.ജെയുടെ ആകസ്മിക വേർപാട് (1716 ജനുവരി നാല്) അദ്ദേഹത്തെ വിഷമിപ്പിച്ചു. ആ ആകുലതകളോടെയാണ് 1716 വലിയ നോമ്പുകാലത്ത് അർണോസ് പാതിരി ചാത്യാത്ത് എത്തുന്നത്. അന്നവിടെയുണ്ടായിരുന്ന 'അണ്ണാവിക്കൂട്ടത്തെ' കൊണ്ട് 'ദേവമാതാവമ്മാനൈ'യിലെ 'ദേവമാതാവിൻ പ്രലാപം' എന്ന ഭാഗം പല പ്രാവശ്യം വായിപ്പിച്ചുകേട്ടു. ഇതേതുടർന്ന് അദ്ദേഹം 'ദൈവമാതാവിന്റെ വ്യാകുലപ്രലാപം' എന്ന കാവ്യം രചിക്കുകയും 1716 ഏപ്രിൽ പത്തിലെ ദുഃഖവെള്ളിയാഴ്ച ആദ്യവായന 'അണ്ണാവിക്കൂട്ട'ത്തെ കൊണ്ട് നടത്തിക്കുകയും ചെയ്തു. ദൈവമാതാവിന്റെ വ്യാകുല പ്രബന്ധത്തിന്റെ ആദ്യവായന ചാത്യാത്ത് പള്ളിയിൽ നടന്നത് 1718 ഏപ്രിൽ 19 ലെ ദുഃഖവെള്ളിയാഴ്ചയാണ്. 1722 ഫ്രെബുവരി 20-ലെ ക്ഷാര ബുധൻ മുതൽ 'പുത്തൻപാന' പാരായണവും ചാത്യാത്ത് ആരംഭിച്ചു. ഈ കാവ്യങ്ങളിൽ വലിയ നോമ്പുകാലത്ത് പുത്തൻപാനയും ദുഃഖവെള്ളിയാഴ്ചകളിൽ ദൈവമാതാവിന്റെ വ്യാകുല പ്രലാപവും ചാത്യാത്ത് പള്ളിയിൽ മുടക്കമില്ലാതെ വായിച്ചുവരുന്നു.

## ഗുരുക്കന്മാരുടെ ജീവനെടുത്ത കപ്പൽയാത്ര

പൂന്താനം എഴുതിയ ജ്ഞാനപ്പാനയുടെ ചുവടുപിടിച്ചാണ് പുത്തൻപാനയുടെ രചന. അർണോസ് പാതിരി 'കൂദാശപ്പാന' എന്നാണ് തന്റെ കൃതിക്ക് പേരു നൽകിയത്. പിന്നീടത് പുതിയ പാന എന്ന അർത്ഥത്തിൽ പുത്തൻ പാനയായി. വടക്കുപടിഞ്ഞാറൻ ജർമനിയിലെ വെസ്റ്റ് ഫോളനിൽ ഓസ്നാബ്രൂക്കിനടുത്തുള്ള ഓസ്റ്റർ കപ്പേല്ൻ എന്ന സ്ഥലത്ത് കോൺറാഡ്ഫോൺ ഹാങ്സ്ലേഡൻ - ബർത്ത അന്ന ഫോൺ ഹാങ്സ്ലേഡന്റെ (അർണോസ്) ജനനം. ഈശോസഭാ വൈദികനായി ഇന്ത്യയിൽ മിഷനറി പ്രവർത്തനം നടത്തണമെന്ന ആഗ്രഹത്തോടെ 18-കാരനായ യൊഹാൻ ഏണസ്റ്റ് ഫോൺ ഹാങ്സ്ലേഡൻ (അർണോസ്) 1699 നവംബർ മൂന്നിന് ഗുരുഭൂതനും നോവീസ് മാസ്റ്ററുമായ ഫാ. വില്ല്യം വേബർ, ഫാ. വില്ല്യം മേയർ, ഫ്രാൻസ് കാസ്പർ ഷില്ലിംഗർ എന്നിവർക്കൊപ്പം ഇറ്റലിയിലെ ലിവോർണോ തുറമുഖത്തുനിന്നും ഇന്ത്യയിലേക്ക് യാത്രയായി. അപകടപൂർണമായ യാത്രയുടെ അവസാന ഘട്ടത്തിൽ ഗുരുക്കന്മാരായ 37-കാരൻ ഫാ. വില്ല്യം വേബർ 1700 നവംബർ 25-നും 39-കാരനായ ഫാ. വല്ല്യം മേയർ 1700 നവംബർ 28-നും മരണപ്പെട്ടു.

1700 ഡിസംബർ 13-ന് ഗുജറാത്തിന്റെ പടിഞ്ഞാറെ തീരത്തുള്ള സൂറിറ്റിൽ കപ്പലിറങ്ങുമ്പോൾ നാൽവർ സംഘത്തിൽ ബാക്കിയായത് രണ്ടുപേർ. അർണോസും ഷില്ലിംഗറും മാത്രം. 1701 ജനുവരി ആദ്യം ഗോവാ തുറമുഖത്തെത്തി. ഗോവയിൽനിന്ന് 1701 നവംബറിൽ കൊച്ചിയിലും ചാത്യാത്തും എത്തിയ അർണോസ് നവംബർ അവസാനം തൃശൂരിനടുത്തുള്ള അമ്പഴക്കാട്ട് സെമിനാരിയിലെത്തി. അമ്പഴക്കാട് വൈദികപഠനം പൂർത്തിയാക്കിയ അർണോസ് 1707-ൽ ആർച്ച്ബിഷപ്പിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു.

**അർണോസ് പാതിരിയുടെ രചനാശൈലി**

ഈ കാലയളവിൽ യുവാൻ ഏണസ്റ്റ് ഹാങ്സ്ലേഡൻ പാതിരി എന്ന പേര് അർണോസ് പാതിരി എന്നാക്കുകയും പോർച്ചുഗീസ്, ഗ്രീക്ക്, ജർമൻ, ലത്തീൻ, ഇറ്റാലിയൻ, സുറിയാനി എന്നീ ഭാഷകൾക്ക് പുറമെ തമിഴിലും മലയാളത്തിലും സംസ്കൃതത്തിലും അഗാധപാണ്ഡിത്യം നേടുകയുമുണ്ടായി. 1729-ൽ വേലൂരിൽനിന്ന് പഴുവിൽ സെന്റ് ആന്റണീസ് ദൈവാലയത്തിലേക്ക് മാറിയ അർണോസ് പാതിരി അവിടെവച്ച് 1732 മാർച്ച് 20-ന് ദൈവാലയ കിണറിന് സമീപം വച്ച് സർപ്പദംശം ഏറ്റ് 51-ാം വയസിൽ ഇഹലോകവാസം വെടിഞ്ഞു.

അർണോസ് പാതിരിയുടെ രചനകളെ പൊതുവെ ഭാഷാ ശാസ്ത്രപരം, സാഹിത്യപരം എന്നിങ്ങന രണ്ടായി തിരിക്കാം. മലയാളം-പോർച്ചുഗീസ് നിഘണ്ടു, മലയാളം-പോർച്ചുഗീസ് വ്യാകരണം, സംസ്കൃത വ്യാകരണമായ ഗ്രമാത്തിക്കാഗ്രന്ഥോണിക്ക എന്നിവ ഭാഷാശാസ്ത്ര രചനകളും ദൈവമാതാവിന്റെ വ്യാകുലപ്രലാപം, ദൈവമാതാവിന്റെ വ്യാകുല പ്രബന്ധം, പുത്തൻപാന അഥവാ കൂദാശപ്പാന, ആവേ മാരീസ് സ്റ്റെല്ല, ഉമ്മാപർവം, ജനോവ പർവം, ചതുരന്ത്യം (മരണപർവം, വിധിപർവം, മോക്ഷപർവം, നരകപർവം) എന്നിവ സാഹിത്യരചനകളുമാണ്.

*(സൺഡേ ശാലോം. 2018 മാർച്ച് 25)*

*അർണ്ണോസ് പാതിരി ഭവനം*




*ജസ്വിറ്റ് ചരിത്രം*

# ചിറയ്ക്കൽ മിഷൻ

*ഐസക് പീലാത്തറ*

ഉത്തര കേരളത്തിലെ ചിറയ്ക്കൽ താലൂക്കിൽ 1937 ഒക്ടോബർ 28-ന് ഒരു കൂട്ടം ഇറ്റാലിയൻ ഈശോസഭ മിഷനറിമാരുടെ അശ്രാന്ത പരിശ്രമത്താൽ സമാരംഭിച്ച ചിറയ്ക്കൽ മിഷന് എൺപത്തിരണ്ട് വയസ്. ഫാ. പീറ്റർ കയ്റോണിയാണ് താവം-ദാലിൽ പ്രദേശത്ത് പന്ത്രണ്ട് ക്രിസ്തുശിഷ്യരെ ഓർമിപ്പിക്കുന്നവിധം പന്ത്രണ്ട് ആദി ദ്രാവിഡ വർഗത്തിൽപെട്ടവർക്ക് മാമോദീസ നൽകി ആദ്യം പുലയമിഷനും പിന്നീട് ചെറുകുന്ന് മിഷനും മൂന്നാമത് ചിറയ്ക്കൽ മിഷനും രൂപീകരിച്ചത്.

ഏഴിമലയുടെ ചെരുവിൽ പഴയങ്ങാടി പുഴയുടെ തീരത്താണ് ഈ പ്രദേശം. ചെളി പുതച്ച വയൽപ്രദേശമായിരുന്നു ഇവിടം. ആദി ദ്രാവിഡ വിഭാഗത്തിൽപ്പെട്ട ഇവരുടെ ഇടയിലേക്കാണ് ഫാ. കയ്റോണി കടന്നുചെന്നത്. അവരുടെ ഇടയിൽനിന്നും അഴകർ പനയൻ എന്ന യുവാവിനെ അച്ചൻ പരിചയപ്പെട്ടു. അഴകന് പീറ്റർ എന്ന പേരുവിളിച്ച ആദ്യ മാമോദിസ നൽകി. ഈ പീറ്റർ എന്ന പാറപ്പുറത്താണ് അച്ചൻ ആദ്യപള്ളി പണിതത്. ആദി ദ്രാവിഡ വിഭാഗത്തിൽപെട്ട ഇവർക്ക് പനയൻ, പുതുക്കൻ, എടച്ചേരിയൻ, തെക്കൻ, പൊങ്ങാടൻ ഇങ്ങനെയുള്ള ഇല്ലപ്പേരുകളാണ് ഉണ്ടായിരുന്നത്. ഇവർ പ്രത്യേകതരം ആരാധനാക്രമങ്ങളുള്ളവരായിരുന്നു. ഒരു മതവിഭാഗത്തിലും അവർ ഉൾപ്പെട്ടവരായിരുന്നില്ല. ഒറ്റ തോർത്തുമുണ്ടും പാളത്തൊപ്പിയും ധരിച്ചിരുന്ന ഇവർക്ക് പുതുവസ്ത്രങ്ങളും പുതുപാർപ്പിടങ്ങളുമായിരുന്നു ആവശ്യം. ചെളിക്കട്ടകൊണ്ട് നിർമിച്ച ഓലഷെഡുകളിലായിരുന്നു താമസം. സ്ത്രീകൾക്ക് മാറുമറക്കാൻ അവകാശമുണ്ടായിരുന്നില്ല. പാപ്പിനിശേരിയിലെ അറോൺ മില്ലിൽനിന്നും അച്ചൻ കോറത്തുണി വാങ്ങിക്കൊണ്ടുവന്ന് പുരുഷന്മാർക്ക് ഉടുക്കാനും സ്ത്രീകൾക്ക് മാറുമറക്കാനും തുണി നൽകി. അയിത്തവും അനാചാരങ്ങളും മറ്റു മനുഷ്യരിൽനിന്നും ഇവരെ വേർതിരിച്ചുനിർത്തിയിരുന്നു. ചായക്കടകളിൽ നിന്നും ചിരട്ടയിലാണ് ചായ ലഭിക്കുക. നേർവഴി നടക്കാനും പൊതുകിണറിൽനിന്ന് വെള്ളമെടുക്കാനും അവകാശമില്ല. കുട്ടികൾക്ക് വിദ്യാഭ്യാസം നൽകാൻ രക്ഷിതാക്കൾക്ക് അറിയില്ലായിരുന്നു. അക്കാലത്ത് പള്ളിക്കരയിൽ ഇവർക്ക് പഠിക്കാൻ ആദി ദ്രാവിഡ സ്കൂൾ സർക്കാർ ആരംഭിച്ചിരുന്നു. ഒരു മുസ്ലീമായിരുന്നു നടത്തിയിരുന്നത്. അച്ചൻ ആ സ്കൂൾ 300 രൂപ വിലയ്ക്ക് വാങ്ങി




*ഫാ. ലീനസ് മരിയ സുക്കോൾ*

കുട്ടികളെ പഠിപ്പിച്ചു. പൊതു ആരാധനയ്ക്കായി പള്ളിക്കരയിൽ പുത്തൻ ദൈവാലയം പണിതു.

1945-ലെ രണ്ടാം ലോകമഹായുദ്ധവും കോളറയും ഈ അനാഥജന്മങ്ങളെ കൊടും ദാരിദ്ര്യത്തിൽ കൊണ്ടെത്തിച്ചു. അച്ചൻ ഇവർക്ക് രക്ഷകനും ശുശ്രൂഷകനുമായി. ഒരു കൈയിൽ റാന്തൽവിളക്കും മറുകൈയിൽ കോളറക്കുള്ള മരുന്നുമായി പുഴകളും തോടുകളും നീന്തിക്കടന്ന് അച്ചൻ രോഗംമൂലമുള്ള മരണത്തിൽനിന്ന് അവരെ രക്ഷപ്പെടുത്തി. ജാതിഭീകരതയും അയിത്തംപോലുള്ള അനാചാരങ്ങൾ താവം ദാലിൽ ഭാഗത്തുമാത്രമാണ് ഉണ്ടായിരുന്നത്. എന്നാൽ മാടായി മാട്ടൂൽ പ്രദേശങ്ങളിൽ മുസ്ലീം പ്രമാണിമാരാണ് നാട് ഭരിച്ചിരുന്നത്. അവിടെ ഈ ജാതി വ്യത്യാസമുണ്ടായിരുന്നില്ല.

1938 കാലത്ത് അച്ചനെ സഹായിക്കാൻ മാട്ടൂലിൽ ഫാ. ജോൺ സിക്കോരയെത്തി. അക്കാലത്ത് ജർമൻ ബാസൽ മിഷ്യൻകാർ മാട്ടൂലിൽ സത്യവേദ പ്രചാരണം നടത്തിയിരുന്നു. അവിടെ സിക്കോര അച്ചൻ 65 പേർക്ക് മാമോദീസ നൽകി. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ലിറ്റിൽ ഫ്ളവർ എൽ.പി. സ്കൂളും താമസിക്കാൻ അനാഥശാലയും ആരംഭിച്ചു. കണ്ണൂരിൽനിന്നും ഉർസുലൈൻ സിസ്റ്റർമാരെ സഹായത്തിന് കൊണ്ടുവന്നു. ഫാ. ജോസഫ് ടഫറേൽ, ഫാ. അലോഷ്യസ് ഡെൽ സോട്ടോ, ഫാ. മൈക്കിൾ വെൽഡ്രമിൻ എന്നിവരും അനാഥാലയത്തിലെ വിദ്യാർത്ഥികൾക്ക് സംരക്ഷകരായി.


കയ്റോണി അച്ചൻ പയ്യന്നൂരിൽ പുഞ്ചക്കാടിൽ ഉർസുലിൻ സന്യാസിനിമാരെ കൊണ്ടുവന്ന് സെന്റ് മേരീസ് എൽ.പി. സ്കൂളും പെൺകുട്ടികൾക്ക് അനാഥശാലയും ആരംഭിച്ചു. തൃക്കരിപൂരിലും സെന്റ് പോൾസ് യു.പി.



*ഫാ. പീറ്റർ കയ്റോണി*

സ്കൂളും ആരംഭിച്ചു. ചെറുകുന്നിൽ കനോഷ്യൻ സിസ്റ്റർമാരെ കൊണ്ടുവന്ന് ഒരു ഭവനം വിലയ്ക്ക് വാങ്ങി അവിടെ ആദ്യം ഡിസ്പെൻസറിയും പിന്നീട് മിഷൻ ഹോസ്പിറ്റലും ആരംഭിച്ചു. ക്രിസ്തുകുന്നിൽ ഫാ. വില്യം ലൊർണാഡി പുതിയ ദൈവാലയം പണിത് ക്രിസ്തുകുന്ന് മിഷൻ ആരംഭിച്ചു. തിരുവിതാംകൂർ ഭാഗത്തുനിന്നും മലബാറിൽ കുടിയേറിയ കുടിയേറ്റക്കാർക്കായി ഫാ. ജയിംസ് മൊന്തരാരി ഏഴിമലയിൽ ലൂർദ് മാതാവിന്റെ ഗ്രോട്ടോയും ദേവാലയവും പണിത് ഏഴിമല മിഷന് തുടക്കം കുറിച്ചു.

ആദ്യകാല ഈശോസഭ മിഷനറിമാരുടെ ഒടുവിലത്തെ കണ്ണിയെന്ന നിലയിലാണ് 1952-ൽ ഫാ. ലീനസ് മരിയ സുക്കോൾ മാടായിയിൽ സേവനത്തിനായി എത്തിയത്. ജനങ്ങളുടെ സഹകരണത്തോടെ കല്ലും സിമന്റും തലച്ചുമടായി കൊണ്ടുവന്ന് ഹോളിക്രോസ് ദൈവാലയം പണിതു. തുടർന്ന് പഴങ്ങനാടി, നെരുവമ്പ്രം, പട്ടുവം എന്നിവിടങ്ങളിൽ സേവനം ചെയ്ത് ഒടുവിൽ മരിയപുരത്ത് സ്ഥിരതാമസമാക്കി. തളിപ്പറമ്പ താലൂക്കിന് ചുറ്റിലും ഇരു




ഫാ. ജോസഫ് ടഫറേൽ

പതോളം ദൈവാലയങ്ങളും ഇടവകകളും സ്ഥാപിച്ച് ഏഴായിരത്തിൽപരം പാവപ്പെട്ടവർക്ക് ഭവനങ്ങളും നിർമിച്ചു നൽകി. 1980-ൽ ഇന്ത്യൻ പൗരത്വം സ്വീകരിച്ചു.

ഫാ. ജോസഫ് ടഫറേൽ, താവം പള്ളിക്കര എന്നിവിടങ്ങളിൽ സേവനം ചെയ്തപ്പോൾ താവത്ത് ഫാത്തിമ മാതാ ദൈവാലയവും തലശേരി ചാലിൽ മനോഹരമായ സെന്റ് പീറ്റേഴ്സ് ദൈവാലയവും പണിതു. കൊടുങ്കാറ്റിൽ ഓലപ്പുരകൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ സർക്കാർ സഹായത്തോടെ ടഫറേലച്ചൻ നാലുനില വാർപ്പുകെട്ടിടം പണിത് പുനരധിവസിപ്പിച്ച് ചരിത്രം സൃഷ്ടിച്ചു. തിരുവിതാംകൂറിൽ നിന്നും കുടിയേറി വന്ന കുടിയേറ്റക്കാരുടെ ഇടയിലേക്കാണ് അച്ചൻ മാറ്റപ്പെട്ടത്. ആദ്യം ഇരട്ടിയിലും തുടർന്ന് കൊട്ടുകപ്പാറ, കരിക്കോട്ടക്കരി, ആനയണ്ടഗിരി, മലയമ്പാടി തുടങ്ങിയ മലമടക്കുകളിലും മനോഹര ദേവാലയങ്ങളും പാവപ്പെട്ടവർക്ക് പാർപ്പിടങ്ങളും അച്ചൻ പണിത് നൽകി. ഏറ്റവും ഒടുവിലായി കാസർഗോഡ് ജില്ലയിൽ കനകപ്പള്ളി, ചെമ്മഞ്ചേരി എന്നീ ഇടവകകളിലും സേവനം തുടർന്നു. ചെമ്മഞ്ചേരിയിൽ ഇഹലോകവാസം വെടിഞ്ഞ അച്ചന്റെ ഭൗതികശരീരം കൊട്ടുകപ്പാറയിൽ അടക്കം ചെയ്തു. ഇന്നവിടം തീർത്ഥാടനകേന്ദ്രമാണ്.

ചിറയ്ക്കൽ മിഷനിലെ ഈ മിഷനറി ചരിത്രത്തെ ഇതുവരെ ആരും ഒരു ചരിത്രഗ്രന്ഥത്തിലും പ്രതിപാദിച്ചു കാണുന്നില്ല. കയ്റോണിയച്ചനെ ഒരു ദൈവദാസനായി പ്രഖ്യാപിക്കാനാണ് മിഷൻ നിവാസികൾ ആവശ്യപ്പെടുന്നത്.

കൂത്തുപറമ്പ നിർമഗിരി കോളേജിലെ ചരിത്രവിഭാഗം അസിസ്റ്റന്റ് പ്രൊഫ. പി.ജെ. ഷാജിമോൻ ചിറയ്ക്കൽ മിഷനെക്കുറിച്ച് ചരിത്രഗവേഷണം നടത്തി പി.എച്ച്.ഡി. പ്രബന്ധം രചിച്ചിട്ടുണ്ട്. ശാലോം ടി.വി. ഈ മിഷനറിമാരെക്കുറിച്ച് ഡോക്യൂഫിക്ഷനുകൾ തയ്യാറാക്കിയിരുന്നു. ചിറയ്ക്കൽ മിഷനെക്കുറിച്ച് ഒരു ക്രിസ്ത്യൻ ചെയർതന്നെ കണ്ണൂർ യൂണിവേഴ്സിറ്റിയിൽ സ്ഥാപിക്കണമെന്ന് കണ്ണൂർ രൂപത ഹെറിറ്റേജ് കമ്മീഷൻ അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്.




ഫാ. അലോഷ്യസ് ഡെൽസോട്ടോ

# ഭീകരരുടെ തടവിലും തുണയായി **ദൈവം**

'ധ്യാനത്തിന് പോകുന്ന വഴിക്ക് അച്ചനെ ഭീകരർ തട്ടിക്കൊണ്ട് പോകാതെ നോക്കണം,' പ്രൊവിൻഷ്യൽ അച്ചൻ തമാശയായി പറഞ്ഞ വാക്കുകൾ കേട്ട് പൊട്ടിച്ചിരിച്ചു. ഒരു വാരാന്ത്യ ധ്യാനത്തിന് പോകുന്ന വിവരം അറിയിക്കാനാണ് നൈജീരിയയിലെ ജെസ്യൂട്ട് വൈദികനായ ഫാ. സാം പ്രൊവിൻഷ്യാളായ ഫാ. ചുക്സ് അഫിയാവാരിയെ ഫോണിൽ വിളിച്ചത്. ഇരുവരും സംസാരമധ്യേ പറഞ്ഞ തമാശ പക്ഷെ, യാഥാർത്ഥ്യമായി. അനാമ്പ്രാ സംസ്ഥാനത്തുള്ള ഒനിത്ഷായിലെ ധ്യാനകേന്ദ്രത്തിലേക്കുള്ള യാത്രാമദ്ധ്യേ ഫാ. സാമിനെ ഭീകരർ തട്ടിക്കൊണ്ടുപോയി.

ഫാ. സാം പലതവണ സഞ്ചരിച്ചിട്ടുള്ള സുരക്ഷിതമെന്ന് കരുതിയ ഹൈവേയിലൂടെ കാറിലൂടെ യാത്ര ചെയ്യവേയാണ് ഭീകരർ ഫാ. സാമിനെ തട്ടിക്കൊണ്ട് പോയത്. എകെ. 47 തോക്കുകളുമായി ഭീകരർ മുന്നിൽ നിൽക്കുന്നത് കണ്ട് വാഹനം വേഗം തിരിക്കാൻ ശ്രമിച്ചെങ്കിലും പെട്ടെന്ന് വാഹനത്തിനടുത്തേക്ക് എത്തിയ ഒരു ഭീകരൻ അദ്ദേഹത്തോട് കാറിന് പുറത്തേക്ക് ഇറങ്ങാൻ ആവശ്യപ്പെടുകയായിരുന്നു. പുറകെ വന്നിരുന്ന കാറുകളിൽ നിന്ന് മറ്റ് രണ്ട് പേരെയും ഭീകരർ ഇതിനോടകം പുറത്തിറക്കിയിരുന്നു. പുറകെ വന്നിരുന്ന കാറുകളിൽ നിന്ന് മറ്റ് രണ്ട് പേരെയും ഭീകരർ ഇതിനോടകം പുറത്തിറക്കിയിരുന്നു. തുടർന്ന് തോക്കിൻമുനയിൽ കാട്ടിലൂടെ എട്ടുമണിക്കൂർ നടത്തം. ഭീകരർ നടന്നിരുന്ന വേഗത്തിനൊപ്പം എത്താൻ സാധിക്കാതിരുന്ന ഒരാളുടെ കാലിൽ മുറിവുണ്ടാ



*ഫാ. സാം ഒകുവിദെഗ്ബെ*

ക്കിയ ശേഷം കാട്ടിൽ ഉപേക്ഷിച്ചു.

അതിവേഗം സഞ്ചരിക്കുന്ന ഭീകരരുടെ വേഗത്തിനൊപ്പമെത്താനുള്ള ശ്രമത്തിനിടയിൽ കമ്പിലും മറ്റ് തട്ടി ശരീരം പല തവണ മുറിഞ്ഞു. അധികം താമസിയാതെ ഫാ. സാമിനെയും കൂടെയുള്ള വ്യക്തിയെയും ഭീകരർ ചോദ്യം ചെയ്യാനാരംഭിച്ചു. ഫാ. സാമിന്റെ ഫോൺ കാറിനുള്ളിലാണെന്ന് പറഞ്ഞതോടെ ഭീകരർ രോഷാകുലരായി. ഫാ. സാമിനെ വിട്ടയയ്ക്കുന്നതിന് പണം നൽകുവാൻ സാധ്യതയുള്ള ആരുടെയെങ്കിലും ഫോൺ നമ്പർ ഭീകരർ ആവശ്യപ്പെട്ടു. എന്നാൽ ഭയവും ക്ഷീണവും നിമിത്തം ആരുടെയും ഫോൺ നമ്പർ ഓർമ്മിച്ചെടുക്കുവാൻ ഫാ. സാമിന് കഴിഞ്ഞില്ല. അതോടെ ഫാ. സാമിനെ ഭീകരർ മർദ്ദിക്കാനാരംഭിച്ചു. കൈകൾ കെട്ടിയശേഷം ചെളിയിലേക്കെറിഞ്ഞു. തുടർന്ന് തോക്കുപയോഗിച്ച് ശരീരത്തിൽ അടിക്കുകയും മുഖത്തടിക്കുകയും ചെയ്തു. 'നിന്നെ ഞങ്ങൾ ജീവനോടെ കത്തിക്കാൻ പോവുകയാണ്' എന്ന് അവരിലൊരുവൻ ആക്രോശിച്ചു.

അവർ ശരിക്കും അങ്ങനെ ചെയ്യുമെന്ന് താൻ വിശ്വസിച്ചതായി ഫാ. സാം പങ്കുവച്ചു. ആ ദിവസം തന്റെ അന്ത്യദിനമാണെന്ന വിചാരത്തിൽ ഫാ. സാം തന്റെ ആത്മാവിനെ ദൈവസന്നിധിയിൽ സമർപ്പിച്ചു. എന്നാൽ കുറച്ച് സമയത്തിന് ശേഷം ഭീകരർ മർദനം അവസാനിപ്പിച്ചതോടെ അറിയാവുന്ന പ്രാർത്ഥനകളെല്ലാം ചെല്ലാൻ തുടങ്ങി. 'ഞാൻ ഒരു അത്ഭുതം പ്രതീക്ഷിക്കാൻ തുടങ്ങി. കരുണക്കൊന്തയും ജപമാലയും വിശുദ്ധ ഇഗ്നേഷ്യസിനോടുള്ള പ്രാർത്ഥനയും തുടർച്ചയായി ചൊല്ലി. ഏതോ ഒരു സമയത്ത് ഒരു ഘാനയൻ ഗാനത്തിന്റെ ഈരടികൾ എന്റെ അധരത്തിൽ വന്ന് നിറഞ്ഞു – 'ദൈവമേ, നീ എന്നോട് സംസാരിക്കണമേ... ദൈവമേ നീ എവിടെയാണ്?' എന്നിങ്ങനെയായിരുന്നു ആ വരികൾ. ആ വരികൾ ഹൃദയത്തിൽ ആവർത്തിച്ച് പാടിയതോടെ എന്റെ ഹൃദയത്തിൽ പ്രത്യാശ നിറഞ്ഞു.' തടവിലുണ്ടായിരുന്ന മറ്റേയാളുടെ സഹായത്തോടെ ഒരു ജെസ്യൂട്ട് വൈദികന്റെ ഫോൺ നമ്പർ ലഭിച്ചു. പല സമയത്തും മരണം ആഗ്രഹിച്ചെങ്കിലും ജെസ്യൂട്ട് വൈദികരുമായി ബന്ധപ്പെടാൻ സാധിച്ചതോടെ ഫാ. സാമിന്റെ പ്രതീക്ഷ വർദ്ധിച്ചു. കൂടെയുണ്ടായിരുന്ന വ്യക്തിയുമായി സംസാരിക്കാൻ അനുവാദമില്ലായിരുന്നുവെങ്കിലും അവർ നോട്ടത്തിലൂടെ പരസ്പരം പ്രോത്സാഹിപ്പിച്ചിരുന്നുവെന്നും ഫാ. സാം അനുസ്മരിച്ചു. തീവ്രവാദികൾക്ക് അവർ ആവശ്യപ്പെട്ടത് കിട്ടുമെന്നായതോടെ ഇരുവരെയും വിട്ടയയ്ക്കുമെന്നുള്ള സൂചനകൾ അവരുടെ പെരുമാറ്റത്തിൽ നിന്ന് ഫാ. സാമിന് ലഭിച്ചു തുടങ്ങി. ഇത്രയും എത്തിച്ചശേഷം ദൈവം ഉപേക്ഷിക്കില്ല എന്ന ഒരു ധൈര്യം ഫാ. സാമിന്റെ ഹൃദയത്തിൽ നിറഞ്ഞു. അവസാനം അവരെ കാട്ടിനുള്ളിൽ വച്ച് തന്നെ ഭീകരർ സ്വതന്ത്രരാക്കി. കാട്ടിൽ നിന്ന് പുറത്തേക്കെത്താൻ കുറച്ച് അലയേണ്ടി വന്നെങ്കിലും ഇരുവരും അവരുടെ സ്ഥലങ്ങളിൽ സുരക്ഷിതമായി എത്തിച്ചേർന്നു. അപകടത്തിന്റെ മധ്യത്തിലും കാടിന്റെ നടുവിലും ദൈവം നമ്മെ ഉപേക്ഷിക്കില്ലെന്ന് ഈ അനുഭവത്തിലൂടെ ദൈവം വെളിപ്പെടുത്തുകയായിരുന്നുവെന്ന് ഫാ. സാം പറയുന്നു. ദൈവത്തിലും മനുഷ്യരിലുമുള്ള എന്റെ വിശ്വാസം ഈ അനുഭവം വർദ്ധിപ്പിച്ചു. ആശ്വാസവും പ്രത്യാശയും സഹായവും നവീകരണവും തേടുന്നവരെ ശക്തിപ്പെടുത്താൻ ഈ അനുഭവങ്ങൾ ഉപയോഗപ്പെടുത്തുമെന്ന് വിശദീകരിച്ചുകൊണ്ട് ഫാ. സാം പങ്കുവച്ചു.


*(സൺഡേ ശാലോം 2018, ജൂൺ 24)*

■

# ജൂബിലി മംഗളങ്ങൾ

## *ഈശോസഭയിൽ 50 വർഷങ്ങൾ*

### *ഫാ. പി.റ്റി. മാത്യു എസ്.ജെ*




ഇത്രയും വേഗത്തിൽ അൻപതു വർഷങ്ങൾ എങ്ങനെ കടന്നുപോയി എന്നറിയില്ല. അരനൂറ്റാണ്ടിനു മുമ്പ് കാൽവച്ചു കടന്നുവന്ന ക്രൈസ്റ്റ്ഹാൾ കാമ്പസിൽതന്നെ ഇന്നു ജോലിചെയ്യാനാകുന്നത് ദൈവനിയോഗമായി കാണുന്നു. ഇതിനിടയിൽ കടന്നുപോന്ന പാതകളും ജോലിചെയ്ത ഇടങ്ങളും കൂടെ നടന്ന കൂട്ടുകാരും പാഠങ്ങൾ നൽകിയ അനുഭവങ്ങളും ഓർമ്മയിൽ നിറയുന്നു. വൈവിധ്യം നിറഞ്ഞ ശുശ്രൂഷാവേദികൾ ജീവിതത്തിനെന്നും പുതുമ നൽകി. എല്ലാമറിയുന്ന തമ്പുരാൻ കൂടെയുണ്ട് എന്ന ബോധ്യം ശക്തി നൽകി. ജൂബിലി വർഷത്തിൽ ജ്വലിച്ചു നിൽക്കുന്ന ചിന്തകളും ഇതൊക്കെത്തന്നെ.

എന്റെ ചിന്തകളെയും കാഴ്പ്പാടുകളെയും രൂപപ്പെടുത്തുന്നതിൽ രണ്ടു മേഖലകൾ കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. ഒരു വ്യാഴവട്ടക്കാലം ഞാൻ സ്വന്തമെന്നു കരുതിയ കടലോരവും കടലോരജനതയും എന്നെ ഏറെ മാറ്റിമറിച്ചു. ഞാൻ സ്വായത്തമാക്കിയിരുന്ന സാംസ്കാരികബോധത്തെ പൊളിച്ചെഴുതി. കടലിന്റെ നിറഭേദങ്ങളും കടലമ്മയുടെ വറ്റാത്ത കനിവും ഞാൻ അനുഭവിച്ചറിഞ്ഞു. കോഴിക്കോട് കടലോരവും തിരുവനന്തപുരം തീരദേശവും അതിൽ കണ്ണികളായി. വളരെ വ്യത്യസ്തമായ ദൈവവിജ്ഞാനീയ മേഖലയിലേക്കാണ് പിന്നീട് കടന്നുചെന്നത്. കാലടിയിലും ഡൽഹിയിലുമായി രണ്ടു ദശാബ്ദക്കാലം അതായി എന്റെ പ്രവർത്തനരംഗം. അധ്യാപനവും പഠനവും എഴുത്തുമായി നടന്ന അക്കാലം ജീവിതത്തെ സമഗ്രമായി നോക്കിക്കാണാനും അറിവുകളെ കോർത്തിണക്കാനും സഹായിച്ചു. എനിക്കു ലഭിച്ച അമൂല്യനിധികളായി ഞാനിവയെ കാണുന്നു.

ചരിത്രം എന്നും മുന്നോട്ടാണ് നീങ്ങുക. അതിന്റെ നിർമ്മിതിയിൽ നമുക്കെല്ലാം തനതായ പങ്കുവഹിക്കാനുമുണ്ട്. എന്റേതായ പങ്കുവഹിക്കാൻ സാധിച്ചതിൽ ഞാൻ കൃതാർത്ഥനാണ്.

## *പൗരോഹിത്യത്തിന്റെ 50 വർഷങ്ങൾ*

### *ഫാ. മാത്യു പുല്ലാട്ട് എസ്.ജെ*



ശാന്തമായ സംസാരവും സൗമ്യമായ ഇടപെടലുകളുംമൂലം ഒരുപാട് വ്യക്തികളിലേക്ക് ദൈവത്തിന്റെ സ്നേഹം പകരുവാൻ ഒരു പുരോഹിതൻ എന്ന നിലയിൽ ഫാ. മാത്യു പുല്ലാട്ടിന് കഴിഞ്ഞ 50 വർഷമായി സാധിക്കുന്നു. ദൈവപരിപാലനയുടെയും ദൈവാശ്രയത്തിന്റെയും വർഷങ്ങളായിരുന്നുവെന്ന് അച്ചൻ നന്ദിയോടെ ഓർക്കുന്നു. 1935-ൽ കോട്ടയം ജില്ലയിലെ പൂവരണിയിൽ ജനിച്ചു. പാലാ സെന്റ് തോമസ് കോളേജിൽനിന്ന് ബി.എസ്സി. പഠനശേഷം 1956-ൽ ഈശോസഭയിൽ ചേർന്നു. 1969 മാർച്ച് 22ന് പുരോഹിതനായി.


ഒരുപാട് വ്യക്തികളുടെ വളർച്ചയ്ക്ക് അച്ചൻ ഒരു നിർണ്ണായക ഘടകമായിരുന്നുവെന്ന് ഓർമ്മിക്കുന്നു. ഒന്നുമില്ലായ്മയിൽ നിന്ന് ജീവിതം തുടങ്ങി. യേശുവിൽ എല്ലാം തികഞ്ഞ് അവിടുത്തോടുകൂടെ ആയിരിക്കുന്ന അവസ്ഥയിലാണ് അച്ചൻ. യേശുവുമായിട്ടുള്ള സ്നേഹബന്ധമാണ് ഈശോസഭ നൽകുന്ന ഏത് ഉത്തരവാദിത്വവും ധൈര്യത്തോടെ ചെയ്യുവാൻ പ്രേരണ നൽകുന്നത് പ്രശ്നങ്ങൾ ഒരിക്കലും തളർത്തിയിട്ടില്ല. അവയൊക്കെ കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കാൻ പലപ്പോഴും തനിക്ക് പ്രചോദനമായി എന്ന് അച്ചൻ ഓർക്കുന്നു.

*സാവി ജോർജ് എസ്.ജെ*

## *പൗരോഹിത്യത്തിന്റെ 60 വർഷങ്ങൾ*

### ഫാ. അബ്രഹാം അടപ്പൂർ എസ്.ജെ.

കേരളത്തിന്റെ ബൗദ്ധിക സാംസ്കാരിക മേഖലകളിൽ ജെസ്യൂട്ട് സാന്നിദ്ധ്യമായി തിളങ്ങി നിൽക്കുന്ന വ്യക്തിത്വമാണ് ഫാ.അബ്രഹാം അടപ്പൂർ. 1926-ൽ എറണാകുളം ജില്ലയിലെ ആരക്കുഴയിൽ ജനിച്ച അദ്ദേഹം 1944-ൽ ഈശോസഭയിൽ ചേർന്നു. ഷെമ്പഗന്നൂരിൽ ഫിലോസഫി പഠനശേഷം മംഗലാപുരം സെന്റ് അലോഷ്യസ് കോളേജിൽ നിന്ന് ഡിഗ്രി കരസ്ഥമാക്കി. പൂനയിൽ നിന്ന് ദൈവശാസ്ത്രപഠനശേഷം 1959 മാർച്ച് 19-ന് വൈദികൻ ആയി. അമേരിക്കയിലെ മാർക്വേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് മനഃശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം. ഫ്രാൻസിലെ സ്ട്രാസ്ബുർഗ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ്. മനുഷ്യനും മൂല്യങ്ങളും, കമ്മ്യൂണിസത്തിന്റെ തകർച്ച, പാളംതെറ്റിയ ദൈവശാസ്ത്രം,




സാക്ഷരകേരളത്തിന്റെ നവോത്ഥാനമൂല്യങ്ങൾ എന്നിങ്ങനെ നിരവധി പുസ്തകങ്ങൾ എഴുതി. 1993-ൽ സാഹിത്യപ്രവർത്തനത്തിനുള്ള എ.കെ.സി.സി. അവാർഡും 1997-ൽ പോൾ കാക്കശ്ശേരി അവാർഡും ലഭിച്ചു. കെ.സി.ബി.സി.യുടെ മാനവിക സാഹിത്യ അവാർഡിനും ക്രിസ്ത്യൻ കൾച്ചറൽ ഫോറത്തിന്റെ ബഹുമതിക്കും അർഹനായി.

സഭയിലും സമൂഹത്തിലും കൃത്യമായി നിലപാടുകളും കാഴ്ചപ്പാടുകളും അവതരിപ്പിച്ചുകൊണ്ട് അടപ്പൂരച്ചൻ വ്യത്യസ്തനായ ഒരു ജെസ്യൂട്ട് വൈദികൻ എന്ന നിലയിൽ ശ്രദ്ധേയനാണ്. ധൈഷണിക ജീവിതത്തിൽ അദ്ദേഹം പുലർത്തുന്ന സത്യസന്ധതയും ധൈര്യവും കൊണ്ട് ഒരുപാട് വ്യക്തികളെ ആകർഷിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്ന സർഗാത്മകജീവിതമാണ് അടപ്പൂരച്ചൻ.


## *ഈശോസഭയിൽ 60 വർഷങ്ങൾ*

### *ഫാ. കുര്യാക്കോസ് പുതിനപ്ര എസ്.ജെ.*



1938 ഡിസംബർ 25-ന് കോട്ടയം തീക്കോയി ഗ്രാമത്തിൽ ജനിച്ച ഫാ. കുര്യാക്കോസ് പുതിനപ്ര ഒരു തികഞ്ഞ മനുഷ്യസ്നേഹിയും പ്രകൃതിസ്നേഹിയുമാണ്. 1959-ൽ ഈശോസഭയിൽ ചേർന്ന അദ്ദേഹം തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ് കോളേജിൽ നിന്നും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽനിന്നും ഉന്നത വിദ്യാഭ്യാസം നേടി. ലാളിത്യം മുഖമുദ്രയും ജീവിതശൈലിയുമായി കരുതുന്ന അച്ചൻ വിവിധ ഓർഫനേജുകളിലും ഇടവകകളിലും സെമിനാരികളിലും അജപാലനദൗത്യം ഉത്തരവാദിത്വബോധത്തോടെ നിർവഹിച്ചു. കുറച്ചു വർഷങ്ങൾ ബ്രസീലിൽ മിഷനറി പ്രവർത്തനം നടത്തി. മണ്ണിനെയും മരങ്ങളെയും ഏറെ സ്നേഹിച്ച അദ്ദേഹം താൻ സേവനം ചെയ്ത സ്ഥാപനങ്ങളിലെല്ലാം നൽകിയ കൃഷിപാഠങ്ങൾ പച്ചപ്പിന്റെ നൂറുമേനി വിളയിച്ചു.

## *ഫാ. ജോൺ തോട്ടുപാട്ട് എസ്.ജെ.*




പത്ത് വർഷത്തോളം മിസോറാമിൽ മിഷനറി പ്രവർത്തനം നടത്തിയ ഫാ. ജോൺ ഇടുക്കി ജില്ലയിലെ കോടിക്കുളം സ്വദേശിയാണ്. 1941-ൽ ജനിച്ച അദ്ദേഹം പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 1959-ൽ ഈശോസഭയിൽ ചേർന്നു. വൈദികൻ ആയശേഷം കേരളത്തിലും പുറത്തുമായി വിവിധ മേഖലകളിൽ സേവനം ചെയ്തു. ഗുജറാത്തിൽ 3 വർഷം അജപാലനദൗത്യം നിർവഹിച്ചു. തലോർ സെമിനാരിയിൽ ആദ്ധ്യാത്മിക ഗുരുവും ഈശോസഭ നൊവിഷ്യറ്റിൽ നോവീസ് മാസ്റ്ററുടെ സോഷ്യസ് ആയും സേവനം ചെയ്തു.

## *ഫാ. ജോസഫ് ചിറ്റൂപറമ്പിൽ എസ്.ജെ.*



വയസ്സ് തൊണ്ണൂറ് വെറുമൊരു സംഖ്യ മാത്രമാണെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് കോഴിക്കോട് ക്രൈസ്റ്റ്ഹാളിൽ ആത്മീയ ശുശ്രൂഷയിൽ കർമ്മനിരതനാണ് ഫാ. ജോസഫ് ചിറ്റൂപറമ്പിൽ. 1928-ൽ എറണാകുളം ജില്ലയിലെ ഈസ്റ്റ് ചേരാനല്ലൂരിൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം സെമിനാരിയിൽ ചേരാൻ ആഗ്രഹിച്ചുവെങ്കിലും വീട്ടുകാരുടെ എതിർപ്പ് കാരണം നടന്നില്ല. അതിനെത്തുടർന്ന് നാട്ടിൽതന്നെ ഒരു സ്കൂളിൽ പഠിപ്പിച്ച് സെമിനാരിയിൽ ചേരാൻ പണം സമ്പാദിച്ചു. എറണാകുളം രൂപതയ്ക്കുവേണ്ടി 1958 മാർച്ച് 11-ന് വൈദികനായ അദ്ദേഹം ഒരു വർഷത്തെ സേവനത്തിനുശേഷം ഈശോസഭയിൽ ചേർന്നു. പിന്നീട് പഠനത്തിനായി കാനഡയിൽ പോയി. ഈശോസഭാ ജീവിതത്തിന്റെ ഏറെ സമയവും ഇടവക ദൗത്യത്തിനായി ചെലവഴിച്ച അച്ചൻ സ്കൂളുകളിലും സേവനം ചെയ്തിരുന്നു. നിരവധി പാവപ്പെട്ടവർക്ക് വീടുകളും കിണറുകളുമെല്ലാം നിർമ്മിച്ച് നൽകുവാൻ കഴിഞ്ഞതിലും ദൈവത്തിന്റെ കൈയിലെ നല്ലൊരു ഉപകരണം ആയിത്തീരാൻ സാധിച്ചതിലും അദ്ദേഹം കൃതാർത്ഥനാണ്.

# സൗഹൃദത്തെ സ്നേഹിച്ച **നമ്പിയച്ചൻ**



ജീവിതത്തെ സന്തോഷത്തോടെയും ആത്മവിശ്വാസത്തോടെയും സമീപിച്ച ഫാ. മാത്യു നമ്പ്യാപറമ്പിൽ വിടപറഞ്ഞു. താൻ പിന്നിട്ട വഴികളിലേക്ക് അഭിമാനത്തോടെയും കൃതജ്ഞതയോടെയും നോക്കിയിരുന്ന അദ്ദേഹം 2019 മെയ് 4-ന് കോഴിക്കോട് ക്രൈസ്റ്റ് ഹാളിൽവച്ച് അന്തരിച്ചു. ഏറെ നാളായി നട്ടെല്ലുമായി ബന്ധപ്പെട്ട ചികിത്സയിൽ ആയിരുന്ന നമ്പിയച്ചൻ, രോഗാവസ്ഥയിലും വീൽചെയറിൽ തനിയെ സഞ്ചരിച്ച് മറ്റുള്ളവരോട് കുശലം പറഞ്ഞും കുമ്പസാരം നടത്തിയും കർമ്മനിരതനായിരുന്നു. കഴിഞ്ഞ ഒക്ടോബറിൽ കൊച്ചിയിൽനിന്നു കോഴിക്കോട് എത്തിയ അദ്ദേഹം ചികിത്സയോടും വീൽചെയർ ജീവിതത്തോടും ഒരു പുഞ്ചിരിയോടെയാണ് പ്രതികരിച്ചത്.

എറണാകുളം വാഴക്കുളം നമ്പ്യാപറമ്പിൽ ജോസഫിന്റെയും മേരിയുടെയും മകനായ ഫാ. മാത്യു 1937 ജൂൺ 6-ന് ജനിച്ചു. ട്രിച്ചി സെന്റ് ജോസഫ് കോളേജിൽ നിന്നു 1958-ൽ ഫിസിക്സിൽ ഡിഗ്രി കരസ്ഥമാക്കി. തുടർന്ന് ഈശോസഭയിൽ ചേർന്ന് ഡിണ്ടിഗലിലെ ബസ്കി കോളേജിൽ നൊവിഷ്യറ്റും ജൂണിയറേറ്റും പൂർത്തിയാക്കി. ഷെമ്പഗന്നൂരിലെ സേക്രഡ് ഹാർട്ട് കോളേജിലായിരുന്നു ഫിലോസഫി പഠനം. കഴ്സിയോങ് സെന്റ് മേരീസ് കോളേജിലെ തിയോളജി പഠനത്തിനശേഷം 1970 മാർച്ച് 14ന് കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് പള്ളിയിൽവച്ച് പുരോഹിതപട്ടം സ്വീകരിച്ചു. ഹസാരിബാഗിൽ ടേർഷ്യൻഷിപ്പ് പൂർത്തിയാക്കി 1976-ൽ അന്ത്യവ്രതവാഗ്ദാനം നടത്തി.

തിരുവനന്തപുരം സെന്റ് സേവ്യഴ്സ് കോളേജിൽ ദീർഘകാലം അധ്യാപകനായും പ്രിൻസിപ്പലായും പ്രവർത്തിച്ചിട്ടുണ്ട്. എടത്വ സെന്റ് അലോഷ്യസ് കോളേജ്, നെയ്യാറ്റിൻകര ഇമ്മാനുവേൽ കോളേജ് എന്നിവിടങ്ങളിലും പ്രിൻസിപ്പലായിരുന്നു. എടത്വ പയസ് ടെൻത് ഐ.ടി.സി., വെള്ളരിക്കുണ്ട് വിമല എസ്റ്റേറ്റ്, കോഴിക്കോട് സെന്റ് ജോസഫ് സ്കൂൾ എന്നിവിടങ്ങളിൽ മാനേജരായും പ്രവർത്തിച്ചിട്ടുണ്ട്. തുടർന്ന് എറണാകുളം ലൂമൻ-ജ്യോതിസ്സിൽ സുപ്പീരിയർ ആയിരുന്നു.

അസാധാരണമായ കഴിവുകൾ ഉള്ള വ്യക്തി ആയിരുന്നില്ല നമ്പിയച്ചൻ. എങ്കിലും ഏറ്റെടുത്ത സകല ഉത്തരവാദിത്വങ്ങളിലും വിജയം അദ്ദേഹത്തോടൊപ്പമായിരുന്നു. പല സന്ദർഭങ്ങളിലും പ്രശ്നബാധിത മേഖലകളിലേക്ക് അദ്ദേഹത്തെ ഈശോസഭ അയച്ചിരുന്നു. ഈശോസഭയോടുള്ള സ്നേഹത്തെപ്രതി, ആത്മവിശ്വാസത്തോടെ ഇത്തരം ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് തന്റെ കഴിവിന്റെ

പരമാവധി ഉപയോഗിച്ച് പരിഹാരങ്ങൾ കണ്ടെത്തുന്നതിൽ അച്ചന് പ്രത്യേക സിദ്ധി ഉണ്ടായിരുന്നു. തുമ്പ സെന്റ് സേവ്യഴ്സ് കോളേജ്, എടത്വ സെന്റ് അലോഷ്യസ് കോളേജ് എന്നീ സ്ഥാപനങ്ങളിലെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഉദാഹരണങ്ങളാണ്. "കോളേജിൽ ആദ്യം വരുന്നതും അവസാനം പോകുന്നതും അച്ചനാണ്" എന്ന വാക്കുകൾ അദ്ദേഹത്തിന്റെ ഉത്തരവാദിത്വബോധത്തിന്റെയും സമർപ്പണ മനസ്സിന്റെയും തെളിവാണ്. കൃത്യനിഷ്ഠയോടും അച്ചടക്കത്തോടും ഓഫീസ് കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്ന അച്ചൻ നിയമങ്ങളോടും ചട്ടങ്ങളോടും വിശ്വസ്തത പുലർത്തിയിരുന്നു.

തന്റെ പരിമിതികളെക്കുറിച്ച് നല്ല ബോധ്യം ഉണ്ടായിരുന്ന അദ്ദേഹം മറ്റുള്ളവരിൽനിന്നും അറിവും ഉപദേശങ്ങളും സ്വീകരിക്കുന്നതിൽ യാതൊരു മടിയും കാണിച്ചിരുന്നില്ല. ഉന്നത വിദ്യാഭ്യാസമേഖലയിൽ ജോലിചെയ്യാൻ പരിശീലനം നേടിയ നമ്പിയച്ചൻ 25 വർഷക്കാലം ഈ മേഖലയിൽ പ്രവർത്തിച്ചു. തുടർന്ന് മാനേജർ, സുപ്പീരിയർ, റെക്ടർ തുടങ്ങിയ പദവികളിൽ സേവനം ചെയ്തു.


ഒരുപാട് സുഹൃത്തുക്കളുടെയും കുടുംബാംഗങ്ങളുടെയും സ്നേഹം ആവോളം അനുഭവിക്കാൻ ഭാഗ്യം ലഭിച്ച അദ്ദേഹം സൗഹൃദങ്ങൾ പരിപോഷിപ്പിക്കാൻ സമയവും ഊർജ്ജവും ചെലവഴിക്കാൻ ശ്രദ്ധിച്ചിരുന്നു. മനുഷ്യന്റെ കഴിവുകളേക്കാൾ ദൈവികശക്തിയിൽ ആശ്രയം കണ്ടെത്തിയ അച്ചൻ ആദ്ധ്യാത്മിക കാര്യങ്ങളിൽ വിശ്വസ്തത പുലർത്തി. പ്രശ്നരൂക്ഷമായ സന്ദർഭങ്ങളിൽ ഒരുപാട് സമയം ചാപ്പലിൽ ഇരുന്ന് പ്രാർത്ഥിച്ചിരുന്നു. സേവനമേഖലകളിൽ താൻ പതിപ്പിച്ച വ്യക്തിമുദ്രകൾ ദൈവപരിപാലനയുടെ അടയാളങ്ങൾ ആയിട്ടാണ് അദ്ദേഹം കണ്ടത്. ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് നമ്പിയച്ചൻ നൽകിയ സേവനത്തിന്റെയും, സുഹൃത്തുക്കൾക്ക് മനസ്സ് തുറന്ന് നൽകിയ സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും പേരിലായിരിക്കും ഓർമ്മയിൽ അദ്ദേഹം ഇനി ജീവിക്കുക.

*ഫാ. സണ്ണി ജോസ് എസ്.ജെ.*

# നിലപാടുകളിൽ **നേരെ ചൊവ്വെ**

പ്രത്യേകിച്ച് ഒരു അസുഖമില്ലാതിരുന്ന ഫാ. അഗസ്റ്റിൻ കല്ലുങ്കലിന്റെ മരണം തികച്ചും ആകസ്മികവും അപ്രതീക്ഷിതവുമായിരുന്നു. സൗഹൃദം കാത്തുസൂക്ഷിക്കുന്ന കരുതലുള്ള വൈദികനായിരുന്നു അഗസ്റ്റിൻ അച്ചൻ. തന്റെ ദൈവവിളിയോട് സമർപ്പണബോധത്തോടെ പ്രതികരിച്ച ഒരു വൈദികനായിരുന്നു അച്ചൻ എന്ന് അദ്ദേഹത്തെ അടുത്തറിയുന്നവരും ഒരുമിച്ചു ജോലി ചെയ്തവരും സാക്ഷ്യപ്പെടുത്തുന്നു. തന്റെ അടുക്കൽ വരുന്നവരിലേക്ക് സൗഹൃദത്തിന്റെ ഊഷ്മളത പകരുന്നതിൽ ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ ലാളിത്യവും ഹൃദയത്തിൽനിന്ന് നേരെ ചൊവ്വെ വരുന്ന സമീപനങ്ങളും പ്രവർത്തനശൈലികളും പലരെയും ആകർഷിച്ചിരുന്നു.

കഠിനാദ്ധ്വാനവും അർപ്പണബോധവുമായിരുന്നു അഗസ്റ്റിൻ അച്ചന്റെ മുഖമുദ്രകൾ. അദ്ദേഹം ചിന്തയിലും സംസാരത്തിലും പ്രവർത്തനങ്ങളിലും ആത്മാർത്ഥത



പുലർത്തിയിരുന്നു. ശരിയെന്നു തോന്നുന്ന കാര്യങ്ങൾ യാതൊരു മയവുമില്ലാതെ വെട്ടിത്തുറന്ന് പറയുമായിരുന്നു. നീതിയുക്തമല്ലാത്ത കാര്യങ്ങൾ ആർക്കെതിരെ നടന്നാലും അദ്ദേഹം എതിർത്ത് സംസാരിച്ചിരുന്നു. സഭയിലും പുറത്തും അവഗണിക്കപ്പെട്ട വ്യക്തികളോട് അനുഭാവം പ്രകടിപ്പിക്കുകയും അവരുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുകയും ചെയ്തിരുന്നു.

ജനപ്രിയ വൈദികനായിരുന്നില്ല. എങ്കിലും ഒരുപാട് വ്യക്തികൾ അദ്ദേഹത്തെ സ്നേഹിച്ചിരുന്നു. പ്രത്യേകിച്ചു വിദ്യാർത്ഥികളും സഹപ്രവർത്തകരും. അവർ ആദരവോടെ അച്ചന്റെ വാക്കുകൾക്കും തമാശകൾക്കുംവേണ്ടി ചുറ്റും കൂടിയിരുന്നു.

തന്റെ ദൈവവിളിയിൽ അഭിമാനിക്കുകയും അതിനെ സ്നേഹിക്കുകയും ആസ്വദിക്കുകയും ചെയ്തിരുന്നു അച്ചൻ. ഈശോസഭയിലെ അംഗമായിരിക്കുന്നതിൽ അഭിമാനിക്കുകയും അതിന്റെ പൈതൃകവും ജീവിതശൈലിയും നിയമാവലിയും കൃത്യമായി അറിയുകയും പാലിക്കുകയും ചെയ്തിരുന്നു. ബോട്ടണി അദ്ധ്യാപകനായിരുന്ന ഫാ. അഗസ്റ്റിൻ പ്രകൃതിസ്നേഹി കൂടിയായിരുന്നു. ചെടികളെയും വൃക്ഷങ്ങളെയും പക്ഷികളെയും ഇഷ്ടപ്പെട്ടു. നല്ല സംഗീതവും സിനിമയും ഇഷ്ടപ്പെട്ട സർഗാത്മക മനസ്സിന്റെ ഉടമ കൂടിയായിരുന്നു അദ്ദേഹം. നർമ്മബോധം കാത്തുസൂക്ഷിക്കുകയും ജീവിതത്തെ അതിന്റെ എല്ലാവിധ സൗന്ദര്യത്തോടുകൂടി ആസ്വദിക്കാൻ ശ്രമിച്ച വ്യക്തി.


1965-ൽ ഈശോസഭയിൽ ചേർന്ന അദ്ദേഹം കോഴിക്കോട് ദേവഗിരി കോളേജിൽ നിന്ന് ബി.എസ്സി. നേടി ഷെമ്പഗന്നൂരിൽ ഫിലോസഫിയും ഡൽഹി വിദ്യാജ്യോതിയിൽ ദൈവശാസ്ത്രപഠനവും പൂർത്തിയാക്കി 1982-ൽ വൈദികനായി. തിരുവനന്തപുരം സെന്റ് സേവ്യഴ്സ് കോളേജിൽ ബോട്ടണി അധ്യാപകനായിരുന്നു. ഈ കോളേജിന്റെ വൈസ് പ്രിൻസിപ്പാൾ, മാനേജർ, റെക്ടർ തുടങ്ങിയ പദവികളും അലങ്കരിച്ചു. 4 വർഷക്കാലം അരുണാചൽ പ്രദേശിൽ മിഷനറി പ്രവർത്തനം നടത്തി. അട്ടപ്പാടി ആദിയിൽ പ്രകൃതി സംരക്ഷണ പദ്ധതികൾക്ക് നേതൃത്വം നൽകി. വീണ്ടും തിരിച്ച് തിരുവനന്തപുരത്ത് എത്തി. 2019 ഫെബ്രുവരി 1-ന് ഈശോസഭ വൈദികവിദ്യാർത്ഥികൾക്കൊപ്പം കൊടൈക്കനാലിൽ പഠനയാത്രയിലായിരുന്ന അച്ചന് സംഭവിച്ച പക്ഷാഘാതം മരണത്തിലേക്ക് നയിച്ചു.

ഒരു ഭരണാധികാരി എന്ന നിലയിൽ കാര്യങ്ങൾ കൃത്യമായി പ്ലാൻ ചെയ്തിരുന്നു അച്ചൻ. 'മാജിസ്' എന്ന ഇഗ്നേഷ്യൻ മൂല്യത്തെ അച്ചൻ നിർവചിച്ചതും പ്രാവർത്തികമാക്കിയതും ഇങ്ങനെയാണ്. ഈ കാര്യത്തിൽ ഒരു ഒത്തുതീർപ്പുകൾക്കും അദ്ദേഹം തയ്യാറായിരുന്നില്ല. ഇത്തരം ചില ധീരമായി നിലപാടുകളാണ് അഗസ്റ്റിൻ അച്ചനെപ്പോലുള്ളവരുടെ മരണം വഴി നമ്മിൽനിന്ന് അകന്നുപോകുന്നത്.

*ഫാ. സണ്ണി ജോസ് എസ്.ജെ*

# **വാർത്തകൾ** വിശേഷങ്ങൾ

## *ഡോ. ഹെൻറി പട്ടരുമഠം ബിബ്ലിക്കും തലവൻ*



റോം: പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ബൈബിൾ വിഭാഗം തലവനായി ഡോ. ഫാ. ഹെൻറി പട്ടരുമഠത്തിൽ നിയമിതനായി. ഈ പദവിയിലെത്തുന്ന ആദ്യ ഇന്ത്യക്കാരനാണ് വരാപ്പുഴ അതിരൂപതാംഗവും എറണാകുളം പൊറ്റക്കുഴി സ്വദേശിയുമായ ഇദ്ദേഹം. 1986-ൽ ഈശോസഭയിൽ ചേർന്ന ഫാ. ഹെൻറി ബിബ്ലിക്കുമിൽ നിന്ന് ബൈബിളിൽ ലൈസൻഷ്യേറ്റും ഗ്രിഗോറിയൻ പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നു ഡോക്ടറേറ്റും നേടി. 2010-ൽ ബിബ്ലിക്കും ഇൻസ്റ്റിറ്റ്യൂട്ടിൽ വിസിറ്റിംഗ് പ്രഫസറായി. 2012-13ൽ ഇതിന്റെ റീഡറായിരുന്നു. 2013 മുതൽ അസോസിയേറ്റ് പ്രഫസറാണ്. മലയിലെ പ്രസംഗം എന്ന ഗ്രന്ഥത്തിന്റെ രചയിതാവാണ്.

## *ആദി ഗോത്രമഹോത്സവം*



രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ ആദിവാസി വിഭാഗക്കാരുടെ സാംസ്കാരിക തനിമ വിളിച്ചോതുന്ന കലാവിഷ്കാരങ്ങൾകൊണ്ട് ശ്രദ്ധേയമായ ഗോത്രമഹോത്സവം അട്ടപ്പാടി ആദിയിൽ നടന്നു. ഇത്തവണ രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 50-ൽപ്പരം ആദിവാസി വിഭാഗത്തിൽപ്പെട്ടവരാണ് തങ്ങളുടെ തനതായ സംസ്കാരം വിളിച്ചോതുന്ന കലാപ്രകടനങ്ങൾ അവതരിപ്പിച്ചത്. ഛത്തീസ്ഗഡ്, ആന്ധ്രാ പ്രദേശ്, ഒറീസ, ബീഹാർ എന്നിവിടങ്ങളിൽ നിന്നെത്തിയ ആദിവാസികൾ അവരുടെ തനതായ പരമ്പരാഗതമായി തുടർന്നുവരുന്ന രീതികൾ പിന്തുടർന്ന് അവതരിപ്പിച്ച ആട്ടവും പാട്ടുകളും യഥാർത്ഥ ഗോത്ര സംസ്കാരത്തിന്റെ ആവിഷ്കാരങ്ങളായിരുന്നു.


ആയിരത്തിലധികം ആദിവാസി കലാകാരന്മാരും കലാകാരികളും രണ്ടു ദിവസം നീണ്ടുനിന്ന പരിപാടികളിൽ സജീവമായി പങ്കെടുത്തു. അട്ടപ്പാടിയിലെ വിവിധ ഊരുകളിൽ നിന്നെത്തിയ ആദിവാസികൾക്ക് രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നെത്തിയ ആദിവാസികൾ ഒരുക്കിയ കാഴ്ചകൾ പുത്തൻ അനുഭവമായി.

പാർശ്വവത്കരിക്കപ്പെട്ട സമൂഹത്തിന്റെ പക്ഷംചേരുക, ഇത്തരത്തിലുള്ള സമൂഹത്തിന്റെ ഭാഗമാകുക എന്ന ഈശോസഭയുടെ നയത്തിന്റെ ഭാഗമായാണ് ആദിയുടെ പ്രവർത്തനങ്ങൾ. മേളയുടെ ഭാഗമായി ആദിവാസി ഭൂമി സംസ്കാരം അതിജീവനം എന്ന വിഷയത്തിൽ സെമിനാറും സംഘടിപ്പിച്ചു. ആദിവാസി സമൂഹത്തിലെ ആദ്യ ഐ.എ.എസ്. ജേതാവ് ശ്രീധന്യ സുരേഷ് മേള ഉദ്ഘാടനം ചെയ്തു. ആദി ഡയറക്ടർ ഫാ. ആന്റണി എസ്.ജെ., അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിനു എസ്.ജെ. എന്നിവർ നേതൃത്വം നൽകി.

# ഫാ. എം.കെ. ജോർജ്
## ഈശോസഭയുടെ റീജണൽ അസിസ്റ്റന്റ്



ഫാ. എം.കെ. ജോർജ് ഈശോസഭയുടെ ദക്ഷിണേഷ്യയിലെ റീജണൽ അസിസ്റ്റന്റായി നിയമിതനായി. ഇതു സംബന്ധിച്ച പ്രഖ്യാപനം ഈശോസഭ ജനറൽ ഫാ. അർതുറോ സോസ നടത്തി. ഫാ. ലിസ്ബർട്ട് ഡിസൂസ കാലാവധി പൂർത്തിയാക്കുന്ന ഒഴിവിലാണ് ഫാ. ജോർജ് നിയമിക്കപ്പെടുന്നത്. ഈശോസഭയുടെ റീജണൽ അസിസ്റ്റന്റുമാർ സഭയുടെ കൗൺസിലറുമാരുമായിരിക്കും. അസിസ്റ്റൻസി എന്ന പേരിൽ ഭൂപ്രദേശാടിസ്ഥാനത്തിൽ തിരിച്ചിട്ടുള്ള സ്ഥലങ്ങളെ സംബന്ധിച്ച് ഉപദേശനിർദ്ദേശങ്ങൾ ജനറലിനു കൈമാറുക എന്ന ഉത്തരവാദിത്വമാണ് റീജണൽ അസിസ്റ്റന്റുമാർക്കുള്ളത്. ഈശോസഭയ്ക്ക് ലോകമാകെ ഏഴു റീജണൽ അസിസ്റ്റൻസികളാണുള്ളത്. ഇതിൽ ഏറ്റവും വലുതാണ് ദക്ഷിണേഷ്യ. കേരളത്തിലെ ഈശോസഭയുടെ പ്രൊവിൻഷ്യലാണ് ഫാ.എം.കെ. ജോർജ്. 2009 മുതൽ ആറു വർഷക്കാലം ബാംഗ്ലൂർ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായി സേവനം ചെയ്തിട്ടുള്ള ഇദ്ദേഹം കേരള യൂണിവേഴ്സിറ്റിയിൽ റിസർച്ച് ഗൈഡാണ്. ഇന്ത്യയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിസിറ്റിംഗ് പ്രൊഫസറായും പ്രവർത്തിക്കുന്നു.

**ഈശോസഭ നിങ്ങളെ ക്ഷണിക്കുന്നു**

ഒരു ജസ്വിറ്റ് ആയിരിക്കുക എന്നാൽ പാപിയാണെങ്കിലും
യേശുവിന്റെ സുഹൃത്താകാൻ വിളിക്കപ്പെട്ടവൻ,
വരിക മനസ്സിനാർദ്രതയുണ്ടെങ്കിൽ, സ്വപ്നം കാണാൻ
കഴിവുണ്ടെങ്കിൽ, ഏറെ ചെയ്യാൻ കൊതിക്കുന്നുവെങ്കിൽ,
ഈശോസഭ നിങ്ങളെ ക്ഷണിക്കുന്നു.

Fr. Xavier Tharamel, SJ
Vocation Director,
Sameeksha Jesuit House, Kalady 683 574, Kerala, India
Email: xaviertsj@gmail.com, vocationpromoterkerala@gmail.com
Mobile / WhatsApp: 86065 28394

# പുസ്തകപരിചയം





## പുത്തൻപാന

**അർണോസ് പാതിരി**

പ്രസിദ്ധീകരണം: അർണോസ് പാതിരി അക്കാദമി പബ്ലിക്കേഷൻസ്, വേലൂർ

*മലയാളത്തിലെ പ്രഖ്യാതമായ ജനകീയ കാവ്യങ്ങളിൽ ഒന്നായ പുത്തൻപാന ഉപശീർഷകങ്ങളും പദങ്ങളുടെ അർത്ഥങ്ങളും വ്യാഖ്യാനങ്ങളും നൽകി ചിട്ടപ്പെടുത്തിയിരിക്കുന്നു.*

**വില 120**





## History of Jesuits in Kerala

**സണ്ണി ജോസ് എസ്.ജെ.**

പ്രസിദ്ധീകരണം: എ.റ്റി.സി. പബ്ലിക്കേഷൻസ് ബാംഗ്ലൂർ.

*കേരളത്തിലെ ഈശോസഭയുടെ ചരിത്രവും വളർച്ചയും സവിശേഷ സംഭാവനകളും സൂക്ഷ്മമായി വിലയിരുത്തുന്ന കൃതി.*

**വില 250**




## അനന്യം

**തോമസ് പാനികുളം എസ്.ജെ.**

പ്രസിദ്ധീകരണം: ആത്മമിത്ര പബ്ലിക്കേഷൻസ്, കാലടി

*വായനക്കാർക്ക് വിശ്വാസത്തെ വർദ്ധിപ്പിക്കുന്ന, പ്രതീക്ഷകൾ പകരുന്ന, മൂല്യങ്ങൾ പകർന്നു നൽകുന്ന അനുഭവത്തെ സമ്മാനിക്കുന്ന ജീവിതാനുഭവ പാഠങ്ങൾ പ്രകാശിപ്പിക്കുന്ന കൃതി.*

**വില 150**

## ഈശോസഭ

### ആഗോള അപ്പസ്തോലിക മുൻഗണനകൾ

03

*യുവജനങ്ങളെ അനുധാവനം ചെയ്യുക, പ്രത്യാശനിറഞ്ഞ ഒരു പുതിയ ഭാവിയിലേക്ക്.*







04

*ദരിദ്രരുമായി ഒത്തുചേർന്നു നടക്കുക. ഈ ലോകം തിരസ്ക്കരിച്ചവരോടൊപ്പം, തങ്ങളുടെ ആത്മാഭിമാനം മുറിപ്പെട്ടവരോടൊപ്പം, അഭയാർത്ഥികളോടൊപ്പം, അനുരഞ്ജനത്തിന്റെയും നീതിയുടെയും ഭൗത്യം പൂർത്തിയാക്കുക.*

ആദ്യമാരും ശ്രദ്ധിച്ചില്ല
എല്ലാവരുമുണരുന്നതിനുമുമ്പ് ഗ്രാമത്തിലെ കൊല്ലൻ
അവന്റെ ഉലയിൽ തീയൂതി
ഉലയിൽ കിടന്ന് ഇരുമ്പ് ചെമന്നു
പഴുത്ത ഇരുമ്പിൽ കൂടം തട്ടി ആയിരം രൂപങ്ങൾ വളരുന്നു
പഴുത്ത ഇരുമ്പിൽ കൂടം തട്ടി പകൽ പകലാവുന്നു.
ആദ്യമാരും ശ്രദ്ധിച്ചില്ല.

(ഡി. വിനയചന്ദ്രൻ)



Printed & Published by The Kerala Jesuit Society,
Lumen Jyothis, Ponoth Road, Kaloor, Kochi-17
(For Private Circulation only)